# മരുപ്പച്ച

സമകാലിക പത്രിക

MEMBER
NEWS PAPERS
ASSOCIATION OF INDIA

www.marupacha.com

വാല്യം - 13 | ലക്കം : 23 | 2009 ഡിസംബർ 05 | e-mail: maruppacha@yahoo.com | വില 4.00




## മരുപ്പച്ച

*വായനക്കാർക്ക്*

*നന്മനിറഞ്ഞ*

ക്രിസ്മസ്

ആശംസകൾ....





## ഹെബ്രോൻപുരത്ത് മരുപ്പച്ച

# കലണ്ടറും ഡിവിഡിയും സൗജന്യം!




മരുപ്പച്ചയുടെ മൾട്ടികളർ കലണ്ടറും മരുപ്പച്ച വിഷന്റെ യെരുശലേം യാത്രയുടെ ഡിവിഡിയും (രക്ഷകന്റെ നാട്ടിൽ) കുമ്പനാട് കൺവൻഷനിൽ എല്ലാ മരുപ്പച്ച വരിക്കാർക്കും വരിസംഖ്യ അടയ്ക്കുമ്പോൾ തികച്ചും സൗജന്യമായി ലഭിക്കും. ഒപ്പം ദീപ്തി പബ്ലിക്കേഷൻസിന്റെയും മരുപ്പച്ച വിഷന്റെയും പുസ്തകങ്ങളും സിഡികളും പ്രത്യേക ഡിസ്കൗണ്ടിൽ ലഭിക്കും. ദയവായി മരുപ്പച്ചയുടെ റഫറൻസ് നമ്പരോ അഡ്രസ് ലേബലോ കൊണ്ടുവരുമല്ലോ. പുതുതായി ചേരുന്നവർക്കും ഈ സൗജന്യങ്ങൾ ലഭ്യമാണ്. ഹെബ്രോൻപുരം കോമ്പൗണ്ടിന്റെ എതിർവശത്തുള്ള ഗ്രൗണ്ടിലാണ് മരുപ്പച്ചയുടെ സ്റ്റോളുകൾ പ്രവർത്തിക്കുന്നത്. *(കുമ്പനാട് കൺവൻഷനിൽ മാത്രമാണ് ഈ സൗജന്യം).*

**കൂടുതൽ വിവരങ്ങൾക്ക് : 9847166994**


## കുടുംബകോടതിയിൽ കേസുകൾക്ക് വർദ്ധനവ്

# കുടുംബങ്ങൾ തകരുന്നു

**ജോജി ഐപ്പ് മാത്യൂസ്**

**തിരുവല്ല:** വിവാഹമോചനത്തിന്റെ ഞെട്ടിപ്പിക്കുന്ന കണക്കുകളാണ് കുടുംബ കോടതികളിൽ നിന്നും ലഭ്യമാകുന്നത്. തിരുവല്ലാ കുടുംബകോടതിയിൽ കൗൺസിലിംഗിനായി 2008- ൽ ആകെ 400 കേസുകളാണ് റജിസ്റ്റർ ചെയ്തതെങ്കിൽ 2009 ജൂൺ വരെയുള്ള ആറ് മാസത്തിൽ 405 കേസുകൾ റജിസ്റ്റർ ചെയ്തു കഴിഞ്ഞു. ഇതിൽ 55 ശതമാനവും ക്രിസ്ത്യാനികൾ ആണെന്നുള്ളത് ദുഃഖകരമായ മറ്റൊരു വസ്തുതയാണ്. ഇത് കൗൺസിലിംഗിനായി മാത്രം തിരുവല്ലയിൽ എത്തുന്നവരുടെ കണക്കാണ്. ഇതിന്റെ ഇരട്ടിയാണ് കോടതിയിൽ എത്തുന്നത്. കൂടാതെ വിവിധ ജില്ലകളിലായി കേരളത്തിൽ മറ്റു 15 കുടുംബ കോടതികൾ കൂടെ ഉള്ളതിൽ എത്തുന്ന കേസുകൾ വേറെയും. നവീകരണത്തിന്റെയും പാരമ്പര്യത്തിന്റെയും ഉത്തമ കുടുംബബന്ധത്തിന്റെയും വ്യക്തമായ പഠിപ്പിക്കലുകൾ നൽകുന്ന ക്രൈസ്തവ സഭകളിൽ കുടുംബ ഭദ്രത തകരുന്നത് സഭാ നേതൃത്വത്തിന്റെ കണ്ണു തുറപ്പിക്കേണ്ടതാണ്.

ദൈവം യോജിപ്പിച്ചതിനെ മനുഷ്യൻ വേർപിരിക്കരുത് എന്ന വ്യക്തമായ ബൈബിൾ സന്ദേശത്തോടെയാണ് ക്രൈസ്തവ വിവാഹ ശുശ്രൂഷകൾ അവസാനിക്കുന്നത്. എന്നാൽ ദൈവ വഴി വിട്ട ആധുനിക തലമുറയിലെ പലർക്കും വിവാഹം കുട്ടിക്കളി പോലെയാണ്.

ഉത്തമമായ കുടുംബ ബന്ധമാണ് കുടുംബത്തിന്റെയും സഭയുടെയും സമൂഹത്തിന്റെയും വളർച്ചയ്ക്ക് നിദാനമാകുന്നത്. സ്വസ്ഥത കെടുത്തി കുടുംബ ഭദ്രതയിലുണ്ടാകുന്ന വിള്ളൽ സാമൂഹിക അധഃപതനത്തിന് കാരണമാകുന്നു. പഴയ കുടുംബങ്ങളിലെ സാമൂഹീക - ആത്മീയ ഘടന നല്ല ഗുണങ്ങൾ പ്രദാനം ചെയ്യുന്നതായിരുന്നു. രാവിലെയും വൈകിട്ടുമുള്ള കുടുംബ പ്രാർത്ഥനകൾ പോലും അന്യം നിന്നു പോകുന്നത് മൂലം ആത്മീയ മൂല്യച്യുതിയിലേക്ക് പുതിയ തലമുറ വഴുതി വീഴുന്നു.

കുടുംബ കോടതിയിൽ എത്തുന്നതിൽ ഭൂരിഭാഗവും നവദമ്പതികളാണ്. അഗാധമായ സൗഹൃദം നിലനിർത്താൻ കഴിയാത്തതാണ് ബന്ധങ്ങളിൽ വിള്ളൽ ഉണ്ടാകുന്നത്. ഇത് ചെറിയ കാര്യങ്ങളിൽ പോലും വലിയ അകലങ്ങൾക്ക് കാരണമാകുന്നു. മാനസീക പക്വത നിലനിർത്താൻ കഴിയാത്തതും ആത്മീയ പക്വത ഇല്ലാത്തതും സാമ്പത്തീക പക്വതകേടും മറിയുന്നതും പ്രശ്നങ്ങൾക്ക് പ്രധാന കാരണമാകുന്നു.

വിവാഹ പൂർവ്വ കൗൺസിലിങ്ങും ഇത്തരം പ്രശ്നങ്ങൾക്ക് ഒരു ചെറിയ പരിഹാരമാണ്. എന്നാൽ മാനസീക, ആത്മീയ, സാമ്പത്തീക പക്വതകൾ ചെറുപ്പം മുതൽ പരിശീലിച്ചവർക്കും പ്രശ്നങ്ങളെ അതിജീവിക്കാൻ കഴിയുന്നുമുണ്ട്.

ക്രിസ്തീയ കുടുംബങ്ങളിൽ ഭദ്രത നഷ്ടപ്പെടുമ്പോൾ പല സഭകളുടെയും കുടുംബ ഭദ്രത മാസാചരണം വരെ നടത്തേണ്ട സ്ഥിതിയിലെത്തിയിരിക്കുന്നു. ഇത് സമൂഹത്തിന്റെ ധാർമ്മിക അധഃപതനത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്. പാശ്ചാത്യ സംസ്കാരത്തിന്റെ അതിപ്രസരത്തിൽ നമ്മുടെ ധാർമ്മിക മൂല്യങ്ങൾ നഷ്ടപ്പെടുമ്പോൾ സഭകൾ ഉണരേണ്ട സമയം അതിക്രമിച്ചു കഴിഞ്ഞു.

### ധാർമ്മിക അധഃപതനം

**ക്രിസ്തീയ കുടുംബങ്ങളിൽ ഭദ്രത നഷ്ടപ്പെടുമ്പോൾ പല സഭകളുടെയും കുടുംബ ഭദ്രത മാസാചരണം വരെ നടത്തേണ്ട സ്ഥിതിയിലെത്തിയിരിക്കുന്നു. ഇത് സമൂഹത്തിന്റെ ധാർമ്മിക അധഃപതനത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്. പാശ്ചാത്യ സംസ്കാരത്തിന്റെ അതിപ്രസരത്തിൽ നമ്മുടെ ധാർമ്മിക മൂല്യങ്ങൾ നഷ്ടപ്പെടുമ്പോൾ സഭകൾ ഉണരേണ്ട സമയം അതിക്രമിച്ചു കഴിഞ്ഞു.**

## കൊച്ചുപ്പാപ്പൻ

*ക്രൈസ്തവരുടെ ഇടയിൽ വിവാഹമോചനങ്ങൾ വർദ്ധിക്കുന്നു.*



**മാളികകൾ ഉയർന്നപ്പോൾ തകർന്നത് മൂല്യങ്ങളാണ്.**

## പി.എം.ജി. ചർച്ച് ജനറൽ കൺവൻഷൻ

**തിരുവനന്തപുരം:** പെന്തക്കോസ്തൽ മാറാനാഥാ ഗോസ്പൽ ചർച്ച് (പി.എം.ജി.) അഞ്ചാമത് ജനറൽ കൺവൻഷൻ ഡിസംബർ 21- 25 തീയതികളിൽ സഭാ ആസ്ഥാനമായ വെള്ളയമ്പലം കർമ്മേൽ പ്രയർ ഹാളിൽ നടക്കും. ജനറൽ പ്രസിഡന്റ് പാസ്റ്റർ റ്റി.ഡി. ബാബു, പാസ്റ്റർമാരായ ഫിലിപ്പ് പി. തോമസ്, ജി.ജെ. അലക്സാണ്ടർ, വി.റ്റി. ഏബ്രഹാം, എം.എ.ജോൺ, ജേക്കബ് നേശമണി എന്നിവർ പ്രസംഗിക്കും. പാസ്റ്റർമാരായ തോമസ് വർഗീസ്, ശാമുവേൽ മാത്യു, ആർ.സി.കുഞ്ഞുമോൻ എന്നിവർ കാത്തിരിപ്പു യോഗങ്ങളിൽ പ്രസംഗിക്കും. പാസ്റ്റർ കെ.എം.ജോർജ്ജ് തിരുവത്താഴ ശുശ്രൂഷ നയിക്കും. കാട്ടാക്കട എ.ജി. മ്യൂസിക് ടീം ഗാനശുശ്രൂഷ നിർവഹിക്കും. പാസ്റ്റർ ആർ.സി.കുഞ്ഞുമോൻ പബ്ലിസിറ്റി കൺവീനറായി പ്രവർത്തിക്കുന്നു.



**"യോഹന്നാന്റെ മകനായ ശീമോനെ, നീ ഇവരിൽ അധികമായി എന്നെ സ്നേഹിക്കുന്നുവോ"** യേശു പത്രോസിനെ യഥാസ്ഥാനപ്പെടുത്തി കുഞ്ഞാടുകളെ മേയ്ക്കുവാൻ നിയോഗം നല്കിയ തിബര്യാസ് കടൽക്കരയിലെ ഒരു ശിൽപദൃശ്യം. *ഫോട്ടോ: എ.ഇ./മരുപ്പച്ച*

ചെയർമാൻ
**ജോൺ വർഗീസ്**

മാനേജിംഗ് എഡിറ്റർ
**സ്റ്റാൻലി ജോർജ്ജ്**

ചീഫ് എഡിറ്റർ
**അച്ചൻകുഞ്ഞ് ഇലന്തൂർ**

ഓവർസീസ് എഡിറ്റർ
**ഉമ്മൻ എബനേസർ**

ഓവർസീസ് ഡയറക്ടർ
**ഡോ. എം.എസ്. സാമുവൽ**

റസിഡന്റ് എഡിറ്റർ
**കുര്യാക്കോസ് തോട്ടത്തിൽ**

അസോസിയേറ്റ് എഡിറ്റേഴ്സ്
**വർഗീസ് മാത്യു**
**ചാർലീസ് മാത്യു**
**റെജി മൂലേടം**
**മാത്യൂസ് പി. ജോൺ**
**ജോസ് ഐക്കരപ്പടി**
**റെഞ്ചി ജേക്കബ് ജോർജ്**
**ബെന്നി കൊച്ചുവടക്കേൽ**

സബ് എഡിറ്റേഴ്സ്
**ജെസ്സി വർഗീസ്**
**ജെയ് തോമസ് മാലിയിൽ**

സ്പെഷ്യൽ റിപ്പോർട്ടേഴ്സ്
**റ്റീയെസ് കപ്പമാംമൂട്ടിൽ**
**റെജി വർഗീസ് വെണ്ണിക്കുളം**
**ഫിന്നി ബെഞ്ചമിൻ വർഗീസ്**
**ഫിന്നി രാജു**
**ജസ്റ്റസ് ചന്ദ്രബോസ്**
**ജെ. ജോസഫ്**
**സാം മാത്യു**

യു. എസ്. ജനറൽ കോ-ഓർഡിനേറ്റർ
**സാം പണിക്കർ**

യു. കെ. ജനറൽ കോ-ഓർഡിനേറ്റർ
**ജിജി ബറോഡ**

യു.എ.ഇ. ജന. കോ-ഓർഡിനേറ്റർ
**ജോൺ മത്തായി അതിരുങ്കൽ**

ജോ. കോ-ഓർഡിനേറ്റർ
**ജെയിംസ് മേമന**

കോ-ഓർഡിനേറ്റേഴ്സ്
**കെ.റ്റി.ജോഷ്വ**
**ജോൺ കാട്ടുപറമ്പിൽ**
**രാജൻ ഏബ്രഹാം**
**ജോൺസൺ ജോർജ്ജ് ഡാളസ്സ്**
**ജോയി സാം ജേക്കബ് കാനഡ**

മരുപ്പച്ച

വാർഷിക വരിസംഖ്യ
ഇന്ത്യയിൽ : 100 രൂപ
യു.എസ്.എ. & കാനഡ : $ 40
ഇംഗ്ലണ്ട് : 20 പൗണ്ട്
ഗൾഫ് രാജ്യങ്ങൾ : 1500 രൂപ

**വരിസംഖ്യ അയയ്ക്കേണ്ട വിലാസം**

**മരുപ്പച്ച**
പ്ലാന്തോട്ടം കോംപ്ലക്സ്
തിരുവല്ല-1, കേരള.
ഫോൺ : 0469-2634321
e-mail: maruppacha@yahoo.com

എഡിറ്റോറിയൽ

# ക്രിസ്തുവിനെ മാത്രം പ്രസംഗിക്കുക

**നി**സ്തുല്യമായ സന്ദേശമാണ് സുവിശേഷം. സകല ജനത്തിനുമുണ്ടാകാനുള്ള മഹാസന്തോഷം. സുവിശേഷം പ്രസംഗിക്കുമ്പോൾ പാതാളശക്തികൾ ഭയന്നുവിറയ്ക്കുന്നു. മരണത്തിന്റെ മേൽ ജയം ഘോഷിക്കുന്നു.

ഏതു പ്രസംഗവും ഒരു കലയാണ്. എന്നാൽ സുവിശേഷപ്രസംഗം ഒരു മഹാ വിളംബരമാണ്. രാജാധിരാജാവും കർത്താധികർത്താവുമായ യേശുനാഥനിലൂടെ മനുഷ്യവർഗത്തിനു ലഭിച്ച നിത്യരക്ഷയെപ്പറ്റിയുള്ള പ്രഖ്യാപനമാണ്.

സുവിശേഷം പ്രസംഗിക്കുന്നത് ഒരു മഹാനിയോഗമാണ്. അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വവും ഭൂമിയിൽ ദൈവപ്രസാദമുള്ളവർക്ക് സമാധാനവും നൽകുന്ന സന്ദേശം. മതങ്ങളുടെ ആശയങ്ങളോ തത്വജ്ഞാനത്തിന്റെ സൗന്ദര്യമോ ഈ സന്ദേശത്തിൽ ഉണ്ടാകണമെന്നില്ല.

ആചാരങ്ങളും അനുഷ്ഠാനങ്ങളും കൊണ്ട് ഭക്തി നിർഭരമാണ് മിക്ക മതങ്ങളും ആശയ സൗന്ദര്യംകൊണ്ട് ഉദാത്തമാണ് പല തത്വചിന്തകളും.

മനുഷ്യരുടെ നന്മയുടെ വഴി ഉപദേശിക്കുന്ന മതങ്ങളുണ്ട്. ഹിംസയെ ഉൾക്കൊണ്ടമതങ്ങളുണ്ട്. അഹിംസയുടെ മതവുമുണ്ട്.

**മതങ്ങളിൽ ക്രിസ്തുവിന്റെ നിഴലും അടയാളങ്ങളും തെരഞ്ഞു ജനങ്ങളെ ആശയകുഴപ്പത്തിലാക്കരുത്.**

മതങ്ങളിൽ ദൈവാന്വേഷണമുണ്ട്. ദൈവത്തെപ്പറ്റി നിഗമനങ്ങളുണ്ട്. മൂർത്തിയെ തന്നെ ആവശ്യമില്ലാത്ത മതങ്ങളുമുണ്ട്. മതം മനുഷ്യനെ മയക്കുന്ന കറുപ്പാണ് - വേദനാ സംഹാരിയാണെന്നു കാറൽമാർക്സ് പോലും അംഗീകരിച്ചിട്ടുണ്ട്. എന്നാൽ യഹൂദ വിശ്വാസത്തിൽ സത്യേക ദൈവത്തെപ്പറ്റിയുള്ള വെളിപ്പാടുണ്ട്.

മശിഹായെ കാത്തിരുന്ന യഹൂദജനതയ്ക്ക് യേശുവിനെ തിരിച്ചറിയാൻ കഴിയാതെപോയി. 'ലക്ഷണമൊത്തമശിഹ'യെ യേശുവിൽ യഹൂദ റബ്ബിമാർ കണ്ടില്ല. അതുകൊണ്ടവർ യേശുവിനെ കള്ളപ്രവാചകനായി തെറ്റുധരിച്ചു. അവിടുത്തെ ജനനവും ജീവിതവുമെല്ലാം അവരുടെ മശിഹാ സങ്കല്പത്തിന് യോജിച്ചതല്ലായിരുന്നു.

ജനതയുടെ 'വിശ്വാസത്തിനും അന്തസിനും' ഒപ്പം ഈ മശിഹ എത്തിയില്ല. ദൈവദൂഷണം പറയുന്നുയെന്നാരോപിച്ച് അവർ യേശുവിനെ ക്രൂശിൽ തറച്ചുകൊന്നു. ചരിത്രത്തിന്റെ ഏറ്റവും പരിഹാസ്യവും നിന്ദ്യവുമായ ശിക്ഷയാണ് അവർ യേശുവിനു നൽകിയത്. സ്വന്തത്തിലേക്ക് വന്നവനെ അവർക്ക് തിരിച്ചറിയാനായില്ല.

ക്രൂശുമരണമെന്ന ശിക്ഷാവിധിയാൽ യേശുക്രിസ്തു സകല മനുഷ്യവർഗത്തേയും ദൈവത്തോടു നിരപ്പിച്ചു.

ഊനമില്ലാത്ത ദൈവ കുഞ്ഞാടിന്റെ പരമയാഗമെന്ന് ക്രിസ്തുവിന്റെ ക്രൂശുമരണത്തെ നമുക്ക് വിശേഷിപ്പിക്കാം.

"രണ്ടായിരം വർഷങ്ങൾക്കുമുമ്പ് യേശു ക്രൂശിൽ മരിച്ചതുകൊണ്ട് എന്റെ പാപങ്ങൾക്ക് എങ്ങനെ മോചനം വരുന്നു?" ഇങ്ങനെ ചോദിക്കുന്നവരോടു ജ്ഞാനത്തിന്റെ വശീകരണവാക്കുകൾകൊണ്ട് മറുപടി പറയുവാൻ കഴിയുമോയെന്നും തോന്നുന്നില്ല.

ക്രിസ്തുവിന്റെ ക്രൂശ് തത്വജ്ഞാനികൾക്ക് ഭോഷത്വമാണ്. ഈ 'ഭോഷത്വം' വിശ്വസിക്കുന്നവർക്ക് മാത്രമേ യേശുക്രിസ്തുവിന്റെ മഹായാഗത്തിന്റെ ശക്തി മനസ്സിലാകയുള്ളു. സുവിശേഷം ഒരു തത്വശാസ്ത്രമല്ല. പൌലൊസ് പറയുന്നതുപോലെ, നശിച്ചുപോകുന്നവർക്കു ക്രൂശിന്റെ വചനം ഭോഷത്വമാണ്. എന്നാൽ രക്ഷിക്കപ്പെടുന്നവർക്ക് ദൈവശക്തിയാണ്.

മതപ്രസംഗങ്ങളിൽ നിന്നും സുവിശേഷം വേറിട്ടുനിൽക്കുന്നു. ജീവിതശൈലിയിലൂടെ മോക്ഷം പ്രാപിക്കുന്ന പ്രമാണം സുവിശേഷത്തിലില്ല. അന്വേഷിച്ചന്വേഷിച്ച് ഒടുവിൽ അനന്തതയിൽ ലയിക്കുന്ന മാർഗവുമല്ല ഇത്.

പാപിയായ പച്ചമനുഷ്യനെ ദൈവ ക്രോധത്തിൽ നിന്നും വീണ്ടെടുത്ത പ്രക്രിയയാണ് യേശുക്രിസ്തുവിന്റെ ക്രൂശുമരണത്താൽ നടന്നത്. "അയ്യോ ഞാൻ അരിഷ്ട മനുഷ്യൻ. മരണത്തിൽ നിന്നും ആർ എന്നെ വിടുവിക്കും?" എന്ന് നിലവിളിച്ച മനുഷ്യനുള്ള ഉത്തരമാണ് ക്രിസ്തുവിന്റെ മരണ പുനരുത്ഥാനങ്ങൾ.

ക്രൂശുമരണത്താൽ ക്രിസ്തു മനുഷ്യവർഗത്തിനു നൽകിയത് എന്നേക്കുമുള്ള വീണ്ടെടുപ്പാണ്; നരകത്തിൽ നിന്നുമുള്ള മോചനമാണ്.

ക്രിസ്തുവിന്റെ ക്രൂശുമരണത്താൽ നമ്മുടെ നിത്യശിക്ഷ മാറിപ്പോയി. "രക്ഷ" യെന്ന നിത്യസന്തോഷം ലഭിച്ചു. മതങ്ങൾ പഠിപ്പിക്കുന്ന "മോക്ഷ"ത്തിനു പകരമല്ല ഈ "രക്ഷ". ഒരു മതങ്ങൾക്കും ഈ രക്ഷകന്റെ സാന്നിദ്ധ്യമില്ല.

മതചിന്തകന്മാർക്കു ഒരു പക്ഷേ ക്രിസ്തു തടങ്കൽപാറയാണ്; ക്രൂശുമരണം ഭോഷത്വവും. "ക്രിസ്തുയേശു പാപികളെ രക്ഷിപ്പാൻ ലോകത്തിൽ വന്നു എന്നത് വിശ്വാസയോഗ്യവും ഏവരും അംഗീകരിക്കാൻ യോഗ്യമായ വചനവും തന്നെ."

മനുഷ്യവർഗത്തിന്റെ ഭാവിതന്നെ സുവിശേഷം മാറ്റിയെഴുതി. യേശുക്രിസ്തു മുഖാന്തിരം നിത്യനരകത്തിൽ നിന്നും മനുഷ്യനുമോചനം ലഭിച്ചു എന്ന വിളംബരം നിസ്തുല്യമാണ്. ലോകചരിത്രത്തിലെ ഏറ്റവും ശ്രേഷ്ഠമായ പ്രഖ്യാപനമാണ്. ഇതു പ്രഘോഷിക്കുന്നതിന് ഒട്ടും ഭയക്കേണ്ടതില്ല. ഇതിന് മതങ്ങളുടെയോ പ്രത്യയശാസ്ത്രങ്ങളുടെയോ റഫറൻസ് അത്യാവശ്യമല്ല.

സുവിശേഷം പ്രസംഗിക്കുമ്പോൾ ക്രിസ്തുവിനെ തന്നെയാണ് പ്രസംഗിക്കുന്നതെന്നു ഉറപ്പാക്കുക. മതങ്ങളിൽ ക്രിസ്തുവിന്റെ നിഴലും അടയാളങ്ങളും തെരഞ്ഞു ജനങ്ങളെ ആശയകുഴപ്പത്തിലാക്കരുത്. അവിടുന്നു നിസ്തുല്യനാണ്. മതങ്ങളിൽ അവനെ അന്വേഷിക്കുന്നതെന്തിന്?

ക്രിസ്തുവിനെ പ്രസംഗിക്കുവാൻ മതസൂക്തങ്ങളാവശ്യമില്ല. ഒരു മതത്തിൽ നിന്നും മറ്റൊരു മതത്തിലേക്കുള്ള നടപ്പാലമല്ല ക്രിസ്തു. മനുഷ്യനെയും ദൈവത്തെയും തമ്മിൽ നിരപ്പിക്കുന്നവനാണ് അവിടുന്ന്.



യേശുക്രിസ്തു ദൈവപുത്രനാണ്; ദൈവമാണ്. ഈ പ്രപഞ്ചത്തിലൊതുങ്ങാത്തവനെ മനുഷ്യന്റെ മതങ്ങളിൽ അന്വേഷിക്കേണ്ടതുണ്ടോ?

സംശയിക്കേണ്ട; അവിടുന്നു മാത്രമാണ് വഴിയും സത്യവും ജീവനും.

ധൈര്യത്തോടു കൃപാസനത്തിലേക്ക് (ദൈവസന്നിധിയിലേക്ക്) അടുത്തു ചെല്ലുവാനുള്ള ധൈര്യം ക്രിസ്തു നമുക്ക് നൽകിയിരിക്കുന്നു.

ചങ്ങല ധരിക്കേണ്ടിവന്നാലും ക്രിസ്തുവിനെ പ്രസംഗിക്കുക; ക്രിസ്തുവിനെ മാത്രം പ്രസംഗിക്കുക.

അച്ചൻകുഞ്ഞ് ഇലന്തൂർ

# ക്രിസ്തീയത മറ്റൊരു മതമല്ല

**മ**റ്റുമതങ്ങളെപ്പോലെ തങ്ങളും ഒരു മതത്തിന്റെ വക്താക്കളാണെന്നല്ലേ ഇവിടുത്തെ എക്യുമെനിക്കൽ പ്രസ്ഥാനക്കാരും സർവ്വമതവാദികളുമെല്ലാം പ്രസംഗിക്കുന്നത്. ക്രിസ്തീയതയെ മറ്റൊരു മതമായി കാണുന്ന ഇന്നത്തെ നമ്മുടെ ക്രൈസ്തവമതനേതാക്കൾ തങ്ങൾ ഞായറാഴ്ചകളിൽ അവതരിപ്പിക്കുന്നത് ക്രിസ്തുവിനോടോ സുവിശേഷസന്ദേശങ്ങളോടോ ബന്ധമില്ലാത്ത ഒരു കപട ആത്മീയതയാണെന്നുള്ള ബോദ്ധ്യം എന്നാണുണ്ടാവുക.? ഒരു ആരാധനാ സമൂഹത്തെ, അടിമകളെപ്പോലെ കൊണ്ടു നടക്കണോ? മതത്തിന്റെ ഈ പ്രകടനങ്ങൾ കൂടിയേ തീരൂ എന്ന് മതത്തിന്റെ ആത്മാവ് (Religious Spirit) എപ്പോഴും മന്ത്രിച്ചുകൊണ്ടേയിരിക്കും. അതിനു നല്ല ഉദാഹരണമാണ് ഉലക്കപോലെയിരിക്കുന്ന വിവിധ സഭകളുടെ ലിറ്റർജികൾ. ആരോ തമാശയായി ഇങ്ങനെ പറഞ്ഞു "ഒരു ടെററിസ്റ്റും (Terrorist) ലിറ്റർജിസ്റ്റും (Liturgist) തമ്മിലുള്ള വ്യത്യാസം എന്ത്? ടെററിസ്റ്റിനെ മാനസാന്തരപ്പെടുത്താം, ലിറ്റർജിസ്റ്റിനെ മാനസാന്തരപ്പെടുത്താൻ കഴിയില്ല.

നൂറ്റാണ്ടുകളായി സഭകളെ തമ്മിൽ അടിപ്പിക്കുന്ന ലിറ്റർജിയല്ലേ ആരാധനയ്ക്കുപയോഗിക്കുന്ന ഒരു ആയുധം. കുന്തങ്ങളും വാളുകളുമായ ഈ ആയുധങ്ങൾ (യെശയ്യാവ്) ഉരുക്കിയെടുത്ത് സമാധാനത്തിനുള്ള വഴി അന്വേഷിച്ചില്ലെങ്കിൽ ഒന്നുകിൽ തമ്മിൽത്തല്ലി മരിക്കും അതല്ലെങ്കിൽ ആധുനിക ആയുധങ്ങൾകൊണ്ട് ലോകം അവരെ കീഴ്പ്പെടുത്തും.

സ്നേഹവാനായ ദൈവം, സ്വർഗ്ഗസ്ഥപിതാവായ ദൈവം, ഇമ്മാനുവേലായ ദൈവം, ഞാൻ ഇനി നിങ്ങളെ ദാസന്മാർ എന്നല്ല, സഹോദരന്മാർ എന്നാണു വിളിക്കുന്നത് എന്ന് ശിഷ്യന്മാരോടു പറഞ്ഞ കർത്താവ്, ലോകത്തെ സ്നേഹിച്ച ദൈവം, തലയിലെ രോമം പോലും എണ്ണം അറിയുന്നവൻ, കുരികിലിനെപ്പോലും കരുതുന്ന ദൈവം, സ്വർഗ്ഗത്തിലെ ശ്രേഷ്ഠ മഹാപുരോഹിതനെങ്കിലും ലോകാവസാനത്തോളം നമ്മോടു കൂടെയിരിക്കുന്നവൻ, പരിശുദ്ധാത്മാവിനെ കാര്യസ്ഥനായി നമ്മോടൊപ്പം അയച്ചവൻ, നമ്മിൽ വസിക്കുന്ന ദൈവം (Christ in us), ആരാധന ആവശ്യപ്പെടുന്നു (demand) എന്ന് എങ്ങനെ അംഗീകരിക്കാനാവും..! ദൈവത്തെ സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ എന്ന് വിളിപ്പാനാണ് യേശു പഠിപ്പിച്ചത്. ഏതെങ്കിലും മാതാപിതാക്കൾ തങ്ങളുടെ മക്കൾ തങ്ങളുടെ ചുറ്റും നിന്ന് അവരെ ആരാധിക്കണമെന്ന് ആഗ്രഹിക്കുമോ? ദോഷികളായ ഇവർ അങ്ങനെ ആഗ്രഹിക്കുന്നില്ലെങ്കിൽപ്പിന്നെ സ്വർഗ്ഗസ്ഥപിതാവ് അത് ഒട്ടുമേ ആഗ്രഹിക്കുന്നില്ല എന്നല്ലേ മനസ്സിലാക്കേണ്ടത്. എന്നാൽ നാം അവിടുത്തെ ആരാധിക്കുന്നു എങ്കിൽ അത് സ്നേഹത്തിന്റെ പ്രകടനമായിരിക്കണം - അവിടുത്തെ മഹത്വത്തെ വർണ്ണിക്കാതിരിക്കാൻ കഴിയാത്തതു കൊണ്ട് നടത്തുന്ന സ്തുതിഗീതങ്ങളായിരിക്കണം - അവിടുന്നു ചെയ്ത -ചെയ്തുകൊണ്ടിരിക്കുന്ന അത്ഭുതപ്രവർത്തികളെ പ്രകീർത്തിക്കുന്നതായിരിക്കണം - അവിടുന്നു തരുന്ന സകല നന്മകൾക്കും നന്ദിയും കൃതജ്ഞതയും പ്രകാശിപ്പിക്കലായിരിക്കണം അതല്ലാതെ ദൈവത്തെ പ്രീതിപ്പെടുത്തുന്നതിനോ പ്രസാദിപ്പിക്കുന്നതിനോ ഉള്ള വൃഥാ ഭക്തിപ്രകടനങ്ങൾ ആയിരിക്കരുത്. അത്തരം ആരാധനകളെ ദൈവം വെറുക്കുന്നു, അവിടുത്തേക്ക് അതൊക്കെ അറെപ്പാകുന്നു എന്ന് പഴയനിയമകാലത്തു തന്നെ നമ്മെ പഠിപ്പിച്ചിട്ടുണ്ട്. സ്നേഹവും നീതിയും സേവനവുമില്ലാത്ത എല്ലാ മതപ്രകടനങ്ങളോടും ദൈവം മുഖം മറെച്ചിരിക്കും (ആമോസ് 5:19-24). സമൂഹത്തോടുള്ള ഉത്തരവാദിത്വങ്ങൾ നിറവേറ്റാതെ 'സ്വർഗ്ഗത്തിലേക്കു പറന്നുയരാൻ' 'പറന്നിടുമേ ഞാൻ പറന്നിടുമേ' എന്ന് പാടി ആശ്വസിച്ച്, സ്വയം വഞ്ചിതരാകാമെന്നല്ലാതെ ഒരു ഗുണവുമില്ല. അയല്ക്കാരനോടും സമൂഹത്തോടും സേവനത്തിന്റെയും സ്നേഹത്തിന്റെയും പാത വെട്ടിത്തുറക്കാത്ത 'കരിസ്മാറ്റിക് ആരാധനകളും', 'ഏതെങ്കിലും ദൈവം' മൈന്റു ചെയ്യും എന്നു തോന്നുന്നില്ല. ഇതൊക്കെ കുറെ വികാരങ്ങൾ പ്രകടിപ്പിച്ച്, ടെൻഷൻ കുറയ്ക്കാം എന്നല്ലാതെ 'സത്യത്തിലും ആത്മാവിലുമുള്ള ആരാധനയല്ല' (യോഹ. 4:24).അതേ, അദ്ധ്യായത്തിൽ യേശു പറഞ്ഞു 'നിങ്ങൾ അറിയാത്ത ഒരു ഭക്ഷണം എനിക്കു ഭക്ഷിക്കാനുണ്ട്'- (4:32) അതേ, ആത്മാക്കളെ നേടുന്ന ശുശ്രൂഷ, കാണാതെ പോയതിനെ തെരഞ്ഞു രക്ഷിക്കുന്ന ഇടയന്റെ ശുശ്രൂഷ - ജീവനും വിശുദ്ധിയും ദൈവത്തിന് പ്രസാദകരവുമായ യാഗം (ആരാധന) അതു തന്നേ (റോമർ 12:1,2) സത് പ്രവർത്തികളില്ലാത്ത വിശ്വാസം ജീവനില്ലാത്തതുപോലെ (യാക്കോബ് 2:26). ആത്മാവിന്റെ ഫലങ്ങൾ പുറപ്പെടുവിക്കാത്ത (ഗലാത്യർ 5:22,23). ആരാധനകൾ കപടഭക്തിയുടെ പ്രകടനങ്ങൾ മാത്രമാകുന്നു.

**റവ. എസ്. ഏബ്രഹാം പനച്ചമൂട്ടിൽ**

## കത്തുകൾ

## ജീവിതം പ്രസംഗമായപ്പോൾ

# 'ഞാൻ കാത്തിരുന്നത് നിന്നെയാണ്'

**റവ. ജോൺ ഫിലിപ്പ്**

രണ്ടര ദശാബ്ദങ്ങൾക്കപ്പുറം നടന്ന ഒരു സംഭവമാണിവിടെ കുറിക്കുന്നത്. എന്റെ ഓർമ്മയിൽ നിന്നും ഇന്നും അതു മാഞ്ഞുപോയിട്ടില്ല. വിപ്ലവ തത്വസംഹിതകളും സന്യാസ മനോഭാവവും കൂടികലർന്ന ഒരു അദ്ധ്യാത്മിക ജീവിയായിരുന്നു അന്നു ഞാൻ. സുഹൃത്തുക്കൾ വ്യത്യസ്ത രാഷ്ട്രീയപാർട്ടികളുടെ കൊടികൾ കൈകളിലേന്തിയപ്പോൾ കലാശാലകളിൽ സുവിശേഷവിപ്ലവം സൃഷ്ടിക്കുവാൻ വേണ്ടി ഒറ്റയാൾ പോരാട്ടം നടത്തിയ എന്നെ കോളേജിലെ ഉപദേശി എന്നാണു അദ്ധ്യാപകരും സുഹൃത്തുക്കളും വിളിച്ചിരുന്നത്. ഞാൻ പ്രസംഗിച്ചു തുടങ്ങിയത് ഒരുക്കപ്പെട്ട വേദികളിലായിരുന്നില്ല. എന്റെ സുഹൃത്തുക്കളോടായിരുന്നു. എന്റെ ജീവിതത്തെ വായിച്ചറിഞ്ഞ അവർക്ക് എന്റെ പ്രസംഗം ഏറെ ഇഷ്ടമായിരുന്നു. വിദ്യാഭ്യാസം കഴിഞ്ഞതോടെ പ്രസംഗം കവലകളിലേക്കു മാറി. പയ്യന്റെ കവലപ്രസംഗം ശ്രദ്ധിച്ചിരുന്ന ആരോ ഒരാൾ മദ്ധ്യതിരുവിതാംകൂറിൽ നടന്ന ഒരു ഐക്യയുവജനസമ്മേളനത്തിനായി എന്നെ ക്ഷണിച്ചു. എന്റെ ഹൃദയം സന്തോഷംകൊണ്ടു തുള്ളി. എന്നെയും ഒരു പ്രസംഗകനായി അംഗീകരിച്ചിരിക്കുന്നു. സംഘാടകൻ നല്ല വാക്കുകളൊക്കെ പറഞ്ഞ് എന്നെ പ്രസംഗവേദിയിലേക്കു ക്ഷണിച്ചു. പ്രസംഗത്തിനു മുഖവുര പറഞ്ഞു തീരുന്നതിനു മുമ്പ് പിമ്പിലിരുന്ന ശ്രേഷ്ഠന്മാരിൽ ഒരാൾ അടുത്തിരുന്ന യുവ സംഘാടകരിലൊരാളോടു ചോദിച്ചു: " ഇവനെയല്ലാതെ മറ്റാരേയും കിട്ടിയില്ലേ?" അറിയാതെ എന്റെ മുഖം ചുവന്നു. പ്രസംഗക്കുറിപ്പിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ കഴിയാതെ എന്തൊക്കെയോ പറഞ്ഞൊപ്പിച്ച് ഞാൻ ഇരുന്നു. ഇതായിരുന്നു എന്റെ കന്നിപ്രസംഗത്തിനു എന്റെ സമൂഹത്തിൽ നിന്നും എനിക്കു ലഭിച്ച ആദ്യസമ്മാനം. അതിനു ശേഷം വൈവിദ്ധ്യതകളുള്ള ഒരുപാടുയോഗങ്ങളിൽ ഞാൻ പ്രസംഗിച്ചു. കോളേജുകളിൽ, നാല്ക്കവലകളിൽ, കൺവെൻഷനുകളിൽ, യുവജന സമ്മേളനങ്ങളിൽ, സഭകളിൽ ഇന്നും എന്റെ പ്രസംഗജീവിതം തുടരുന്നു. കയ്പ്പും മധുരവും നിറഞ്ഞ ജീവിതാനുഭവങ്ങൾ എന്റെ പ്രസംഗ ജീവിതത്തിൽ ഉണ്ടായിട്ടുണ്ട്. ഐ.സി.പി.എഫിന്റെ ദേശീയ സംഗീത വിഭാഗമായിരുന്ന ഏഞ്ചലോസിനു നേതൃത്വം കൊടുത്തിരുന്ന കാലത്ത് കന്യാകുമാരി മുതൽ മഞ്ചേശ്വരം വരെ കേരളത്തിന്റെ മുക്കിലും മൂലയിലും പ്രസംഗിക്കുവാൻ എനിക്ക് അവസരം ഉണ്ടായിട്ടുണ്ട്. ആ യോഗങ്ങളിൽ ഉണ്ടായിട്ടുള്ള ദൈവീക സ്പർശനം ഇന്നും മറക്കാൻ കഴിയുന്നില്ല. തലശ്ശേരിയും, കലൂരും, തൃശൂരിലെ മണ്ണൂത്തിയിലും ആയിരങ്ങൾ കൂടിയ യോഗത്തിൽ പാപബോധം കൊണ്ട് ചിലരെങ്കിലും കണ്ണീർ കണങ്ങൾ പൊഴിക്കുന്നതു കാണാമായിരുന്നു,. കുളക്കടയിലാണ് ഞാൻ ആദ്യമായി ഒരു കൺവൻഷനു പ്രസംഗിച്ചത്. അന്നെനിക്ക് പത്തൊമ്പതു വയസ്സ്. കാനം അച്ചൻ വരാതിരുന്നതുകൊണ്ട് പകരക്കാരനായിട്ടായിരുന്നു എന്നെ വിളിച്ചത്. പ്രസംഗദിക്ഷണം നടത്താൻതന്നെ തീരുമാനിച്ചു. അല്പം വൈകി ബൈബിളെടുക്കാതെ ഒരു അലസ ഭാവത്തിൽ ഏറ്റവും പിന്നിൽ ചെന്നിരുന്നു. പ്രസംഗിച്ചുകൊണ്ടിരുന്ന പ്രവാചകരിലൊരാൾ ജനത്തിന്റെ നടുവിലൂടെ പിന്നിലേക്കു വന്നു എന്നോടിപ്രകാരം പറഞ്ഞു:" നിന്നെയാണു ഞാൻ കാത്തിരുന്നത്. ഞാൻ നിന്നെ അയക്കുന്നു, ഭയക്കരുത്." ഈ വാക്കുകളാണ് എന്നിലെ പ്രസംഗകനെ ഇന്നും നിലനിർത്തുന്നത്. വചന ശുശ്രൂഷകൊണ്ട് പ്രശ്നങ്ങൾ തീർന്ന അനേക സംഭവങ്ങൾ എന്റെ ജീവിതത്തിലുണ്ട്. പൂനായൂണിയൻ ബിബ്ലിക്കൽ സെമിനാരിയിൽ പഠിക്കുമ്പോൾ ലഭിച്ച ദൈവീക കരുതൽ ഒരിക്കലും മറക്കാവതല്ല. വെറും മുന്നൂറു രൂപകൊണ്ടായിരുന്നു ഭാര്യയും രണ്ടു കുഞ്ഞുങ്ങളുമുള്ള ഞാൻ സെമിനാരിയിലേക്കു വണ്ടി കയറിയത്. ഐ.സി.പി.എഫിൽ നിന്നും കൃത്യമായി എനിക്കു ലഭിച്ചിരുന്ന അലവൻസ് എന്റെ ചിലവുകൾക്ക് മതിയായിരുന്നില്ല. എന്റെ മകൻ ജോയലിന്റെ ഒന്നാം ബർത്ത്ഡേയ്ക്ക് ഒരു ചോക്ലേറ്റുപോലും വാങ്ങിക്കൊടുക്കാൻ പണമില്ലായിരുന്നു. പിമ്പ്രിയിലെ ചർച്ച് ഓഫ് ഗോഡ്

പ്രസംഗത്തിനു മുഖവുര പറഞ്ഞു തീരുന്നതിനു മുമ്പ് പിമ്പിലിരുന്ന ശ്രേഷ്ഠന്മാരിൽ ഒരാൾ അടുത്തിരുന്ന യുവ സംഘാടകരിലൊരാളോടു ചോദിച്ചു: " ഇവനെയല്ലാതെ മറ്റാരേയും കിട്ടിയില്ലേ?" അറിയാതെ എന്റെ മുഖം ചുവന്നു. പ്രസംഗക്കുറിപ്പിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ കഴിയാതെ എന്തൊക്കെയോ പറഞ്ഞൊപ്പിച്ച് ഞാൻ ഇരുന്നു. ഇതായിരുന്നു എന്റെ കന്നിപ്രസംഗത്തിനു എന്റെ സമൂഹത്തിൽ നിന്നും എനിക്കു ലഭിച്ച ആദ്യസമ്മാനം.

വസം അടുത്തുവരുംതോറും എന്റെ ഉൽകണ്ഠയും ഭയവും വർദ്ധിച്ചു. 'വരില്ല' എന്നു പറയുന്നതിനുള്ള ധൈര്യവുമില്ല. എന്റെ പ്രാദേശിക സഭയിൽ ആ ദിവസങ്ങളിൽ ഉപവാസ പ്രാർത്ഥന നടക്കുകയായിരുന്നു. പുകൾപെറ്റ പ്രവാചകന്മാരൊക്കെ ആയോഗങ്ങളിലുണ്ടായിരുന്നതുകൊണ്ട് ദൂതുകൾ കേൾക്കുന്നതിനു വേണ്ടി എല്ലാവരും കഴിവതും നേരത്തെ എത്തി. ഞാൻ ഒരു പരീ ആരാധനയിൽ ഇരിക്കുമ്പോഴും നീറുന്ന ഹൃദയത്തോടെയായിരുന്നു ഞാൻ. ഭക്ഷണം കഴിച്ചുകൊണ്ടിരിക്കുമ്പോൾ പാഴ്സനേജിലേക്കൊരു ഫോൺ വന്നു:" ഞാൻ വന്നതിനു ശേഷമേ പോകാവൂ." അരമണിക്കൂറിനുള്ളിൽ എന്റെ മകനുവേണ്ട എല്ലാ സാധനങ്ങളും അദ്ദേഹം ഒരു പായ്ക്കറ്റിലാക്കി കൊണ്ടുവന്നു. അതിനു ശേഷം ഇന്നുവരെ അവന്റെ ബർത്തഡേയ്ക്ക് ആരും അതുപോലെ തന്നിട്ടില്ല. ചുരുക്കിപ്പറയാം സെമിനാരി വിടുമ്പോൾ പതിനയ്യായിരം രൂപ എനിക്കു മിച്ചം ഉണ്ടായിരുന്നു. വടക്കേ അമേരിക്കൻ ചർച്ച് ഓഫ് ഗോഡിന്റെ കഴിഞ്ഞ ദേശീയ സമ്മേളനത്തിൽ അതിഥിപ്രസംഗകരുടെ കൂട്ടത്തിൽ ഞാനുമുണ്ടായിരുന്നു. ഒരുപാടുപേർ അഭിനന്ദിച്ചു. ചിലർ റൂമിൽ വന്ന് പ്രസംഗത്തിന്റെ സ്ക്രിപ്റ്റ് വാങ്ങിക്കൊണ്ടുപോയി. വയോധികനും പുകൾപെറ്റ പ്രസംഗകനുമായ ഒരാൾ തോളിൽതട്ടി പറഞ്ഞു ബ്രദറിന്റെ പ്രസംഗം സാധാപ്രസംഗം ആയിരുന്നില്ല; അത് 'ദി'മെസ്സേജ് ആയിരുന്നു. എനിക്കൊന്നും തോന്നിയില്ല. മുറിയിൽ വേഗം മടങ്ങിപ്പോയി കുറെ നേരം കരഞ്ഞു! ദുഃഖംകൊണ്ടല്ല സന്തോഷം കൊണ്ട്. ഇതു കുറിക്കുമ്പോഴും എന്റെ കണ്ണുകൾ നന്ദി കൊണ്ട് സജലമാകുന്നുണ്ട്."ഇവനാണോ പ്രസംഗിക്കുന്നത്." ആ പരുക്കൻ ശബ്ദമായിരുന്നു എന്റെ ഊർജ്ജം. നിരുത്സാഹപ്പെടുത്തുന്ന പരുക്കൻ സാഹചര്യങ്ങളിലൂടെ വളർന്നുവന്ന എനിക്ക് ചിലരെ മറക്കാൻ സാധിക്കുകയില്ല. മരുപ്പച്ച പത്രാധിപർ അച്ചൻകുഞ്ഞാണ് ഗുഡ്ന്യൂസിലൂടെ "കലാലയങ്ങളിൽ ദീപശിഖയുമായി" എന്ന ശീർഷകത്തിൽ എന്നെ പരിചയപ്പെടുത്തിയത്. നന്ദി. നീ വ്യത്യസ്തനായ ഒരു സുവിശേഷകനായിരിക്കട്ടെ എന്ന് എന്നെ ആശീർവദിച്ചത് എം.ഇ. ചെറിയാനായിരുന്നു. പക്ഷേ ആ പരുക്കൻ ശബ്ദം "ഇവനാണോ പ്രസംഗിക്കുന്നത്"...? ഓർമ്മയിൽ നിന്നും മായുന്നില്ല.....? താങ്കൾക്കും നന്ദി.

ആ വാക്കാണ് വ്യത്യസ്തനായൊരു പ്രസംഗകനാക്കി എന്നെ തീർത്തത്.



# ജീവിതം പ്രസംഗമായപ്പോൾ

## മൗനമായിരിക്കുന്നത് മാനക്കേടല്ല

*? **ഡോ.** സാംകുട്ടി ഒരിക്കൽ ന്യൂയോർക്കിൽ നടത്തിയ ഒരു പെന്തക്കോസ്തു കൺവൻഷനിൽ ഞാനും സംബന്ധിച്ചിരുന്നു. ന്യൂയോർക്കിന്റെ ചരിത്രത്തിൽ ഏറ്റവും കൂടുതൽ പെന്തക്കോസ്തുകാരല്ലാത്ത മലയാളികൾ സംബന്ധിച്ച ഒരു സുവിശേഷ സമ്മേളനം ആയിരുന്നു അത്. യോഗങ്ങളിൽ യുവജനങ്ങളുടെ ഇടയിൽ വലിയ ആത്മീയ ചലനമുണ്ടായി. അതിന്റെ രഹസ്യം എന്താണ്?*

**പ്രാ**ർത്ഥന. എവിടെ കൺവൻഷനു പോയാലും തൊട്ടു മുമ്പുള്ള ഏഴു രാത്രികളിൽ ഓരോ മണിക്കൂർ വീതം ആ കൺവൻഷനു വേണ്ടി പ്രാർത്ഥിക്കാറുണ്ട്. പ്രസംഗം തയ്യാറാക്കാനും മറ്റും ഉപയോഗിക്കുന്ന സമയത്തിനു പുറമെയാണ് പ്രാർത്ഥനയ്ക്കുവേണ്ടി ഇങ്ങനെ സമയം വേർതിരിക്കുന്നത്. കൺവൻഷൻ നടക്കുന്ന ഓരോ രാത്രിയിലും എന്റെ ഭാര്യയും രണ്ടു മക്കളും വീട്ടിലിരുന്ന് ഓരോ മണിക്കൂർ വീതം പ്രാർത്ഥിക്കും. എന്റെ മക്കൾ ചെറിയ കുട്ടികൾ ആയിരിക്കുമ്പോൾ തന്നെ ഇങ്ങനെ ചെയ്തിരുന്നു. ആത്മഭാരത്തോടുകൂടി പ്രാർത്ഥിക്കാൻ കഴിവില്ലാതിരുന്ന അവരുടെ കുട്ടിക്കാലത്തും ആത്മീയ ഗീതങ്ങൾ പാടിക്കൊണ്ടെങ്കിലും കുഞ്ഞുങ്ങൾ ഒരു മണിക്കൂർ വീതം ഓരോ രാത്രിയിലും ചെലവിടണമെന്നായിരുന്നു വ്യവസ്ഥ. അമേരിക്കൻ മലയാളി കോൺഫ്രൻസുകളിൽ പല വട്ടം പ്രസംഗിച്ചിട്ടുണ്ട്. സമ്മേളനം നടക്കുന്നതിന് തൊട്ടുമുമ്പുള്ള ഇരുപതു രാത്രികളിൽ ഓരോ മണിക്കൂർ വീതം പ്രാർത്ഥിച്ചിരുന്നു. ആദ്യം മൂന്നു രാത്രികൾ പ്രാർത്ഥിച്ചതിനുശേഷമേ ഭാരവാഹികൾ നൽകുന്ന വിഷയം പഠിക്കുവാനും പ്രസംഗം തയ്യാറാക്കുവാനും തുടങ്ങൂ. വിഷയങ്ങളിലേക്ക് പരിശുദ്ധാത്മാവ് ഒരു ഉൾക്കാഴ്ച്ച നൽകിയെങ്കിലേ ദൂതുകൊണ്ട് ഫലമുണ്ടാകുകയുള്ളൂ. എന്നെ പ്രോത്സാഹിപ്പിക്കുകയും ശുശ്രൂഷാ അവസരങ്ങൾ ഉണ്ടാക്കിത്തരികയും ചെയ്ത അനേക വിശ്വാസികളുടെയും പ്രാർത്ഥനയും അനുഗ്രഹകാരണവുമാണ്. മീറ്റിംഗ് നടത്തുന്ന പ്രാദേശിക സഭയിലെ അംഗങ്ങളും വളരെ പ്രാർത്ഥിക്കുന്നു. അതും അനുഗ്രഹത്തിനു കാരണം.

1971 മുതൽ പത്തു പന്ത്രണ്ടു വർഷക്കാലം പുസ്തകങ്ങൾ എഴുതി. സാഹിത്യത്തിൽ മാത്രം ശ്രദ്ധിച്ചു. അന്നു മലയാളികൾക്കിടയിൽ പ്രസംഗ പരിപാടികൾ ഇല്ലായിരുന്നു. വല്ലപ്പോഴും ഇംഗ്ലീഷ് സഭകളിൽ വാരാന്ത്യങ്ങളിൽ പ്രസംഗിച്ചിട്ടുണ്ട് എന്നു മാത്രം. 1984 മുതൽ അമേരിക്കയിലെ മലയാളി സഭകളിൽ കൺവൻഷൻ പരിപാടികൾ തുടങ്ങി. പ്രസംഗവും സാഹിത്യവും കൂടി ഒന്നിച്ചു കൊണ്ടുപോകാൻ സാധ്യമല്ലെന്ന് ആരംഭത്തിലേ മനസ്സിലാക്കി. ഇക്കാരണത്താലാണ് പുസ്തകരചനയിൽ നിന്നു പൂർണ്ണമായി വിരമിച്ചത്. ഇടയ്ക്കിടെ കുറേ ലേഖനങ്ങളും ചെറുകഥകളും എഴുതിയെന്നു മാത്രം. ദൈവം അനുവദിച്ചാൽ അടുത്ത കുറേ വർഷങ്ങളിൽ വാരാന്ത്യങ്ങളിൽ പ്രാദേശികമായി ചെറിയ തോതിലുള്ള പ്രാർത്ഥനാ ഗ്രൂപ്പുകളും ബൈബിൾ സ്റ്റഡികളും മറ്റും നടത്തുവാൻ ആഗ്രഹിക്കുന്നു. മലയാളികളായ പാരമ്പര്യ സഭാംഗങ്ങളുടെ ഇടയിൽ കുറേ വാതിലുകൾ തുറന്നു കിട്ടിയിട്ടുണ്ട്. ഇന്ത്യക്കാരായ ഹൈന്ദവരും പ്രാർത്ഥനകളിൽ സംബന്ധിക്കുന്നു. വീടുകളിൽ വച്ച് കോട്ടേജ്മീറ്റിംഗിന്റെ രീതിയിലുള്ള ചെറിയ പ്രാർത്ഥനാക്കൂട്ടായ്മയാണ് ഇപ്പോൾ നടക്കുന്നത്. സമയം ലഭിച്ചാൽ സാഹിത്യത്തിലും ശ്രദ്ധിക്കുവാൻ ആഗ്രഹിക്കുന്നു.

കൺവൻഷൻ രംഗത്തു നിന്നു പൂർണ്ണമായി വിരമിക്കുകയാണെന്ന് എന്നെ ക്ഷണിക്കാറുള്ള ദൈവദാസന്മാരെ ഒരു തുറന്ന കത്തുവഴി അറിയിച്ചു കഴിഞ്ഞു. പ്രസംഗത്തിനു പോയിരുന്ന കാലത്തും തുടരെത്തുടരെ പരിപാടികൾ എടുക്കാറില്ലായിരുന്നു.

അമേരിക്കയിൽ തന്നെ ചില മലയാളി സഭകളിൽ കണ്ടിട്ടുള്ള രീതികൾ പറയാം. അമേരിക്ക മൊത്തം പ്രചാരമുള്ള മലയാളം പത്രികകളിൽ പരസ്യങ്ങൾ നൽകി വലിയ കൺവൻഷനുകൾ ക്രമീകരിക്കുന്നു. നൂറു ഡോളറിന്റെ ലാഭം നോക്കി ഒരു പഴഞ്ചൻ ഉച്ചഭാഷിണി സെറ്റായിരിക്കും വാടകയ്ക്കെടുക്കുന്നത്. അല്ലെങ്കിൽ പ്രാദേശിക സഭയിലെ കണ്ടം ചെയ്ത ഒരു സൗണ്ട് സിസ്റ്റം. ആയിരക്കണക്കിനു ഡോളർ ചില വാക്കിയതിനുശേഷം, ഉച്ചഭാഷിണിയുടെ പോരായ്മ നിമിത്തം ജനം വചനം ശെരിക്കും കേൾക്കാതെ വീട്ടിലേക്കു മടങ്ങുന്നു. സമയ നഷ്ടം പണ നഷ്ടം. ഒരു രാത്രി യോഗത്തിനു 1000 പേർ സംബന്ധിക്കുന്നു എന്നുഗ്രഹിക്കുക. യോഗത്തിനു സംബന്ധിക്കുവാൻ വന്നു കൂടുന്ന ഓരോ വ്യക്തിക്കും നാലഞ്ചു മണക്കൂർ മാറ്റി വയ്ക്കേണ്ടിവരും. യാത്രയ്ക്കും ഒരുക്കങ്ങൾക്കും മറ്റും വിനിയോഗിക്കുന്ന സമയം ഉൾപ്പെടെ. ക്രമീകരണങ്ങളുടെ അപര്യാപ്തത മൂലം ഒരു യോഗം അലങ്കോലപ്പെട്ടാൽ 5,000 മണിക്കൂറുകളാണ് ജനങ്ങൾക്കു നഷ്ടം. (ശരാശരി അഞ്ചു മണിക്കൂർ വീതം ആയിരം ആളുകളുടെ സമയം) കൺവൻഷൻ ക്രമീകരണം അപര്യാപ്തമായാൽ പിറ്റേ വർഷത്തെ കൺവൻഷനു വരുവാൻ പലരും മടികാണിക്കും. 'യോഗത്തിനു വന്നാലും ഇരിക്കാൻ സ്ഥലം കിട്ടില്ല; ഞങ്ങൾ വീഡിയോ വാങ്ങി പ്രസംഗം കേട്ടുകൊള്ളാം' എന്നു ചിലർ പറയുന്നത് കേട്ടിട്ടുണ്ട്.



ഡോ. ഏഴംകുളം സാംകുട്ടി

പ്രിയ ബ്രദർ താങ്കൾ ചിന്തിച്ചു നോക്കുക. വന്നുകൂടുന്ന ഓരോ വ്യക്തിക്കും ഇരിക്കാൻ ഒരു ചെറിയ കസേരയും വചനം കേൾക്കാൻ നല്ല ഒരു ഉച്ചഭാഷിണി സിസ്റ്റവും ക്രമീകരിക്കണമെന്നു പറഞ്ഞാൽ അത് ശാസ്ത്രീയമായി ഉച്ച കോടിയിൽ നിൽക്കുന്ന അമേരിക്കയിൽ എങ്ങനെ ആഡംബരമാകും?

കേരളം സന്ദർശിക്കുമ്പോൾ ഞാൻ കുറേ സുവിശേഷ യോഗങ്ങൾ ക്രമീകരിച്ചിട്ടുണ്ട്. വളരെ മിതമായ ചിലവിൽ ആണ് അത് നടത്തിയിട്ടുള്ളത്. യോഗം നടക്കുന്ന പട്ടണത്തിലും പ്രാന്തപ്രദേശത്തുള്ള കോളേജിലും മാത്രമേ പരസ്യ കടലാസുകൾ വിതരണം ചെയ്യാവൂ എന്ന് നിർദ്ദേശിച്ചിരുന്നു. ഇരിപ്പിട സൗകര്യവും സൗണ്ട് സിസ്റ്റവും - അതിൽ കൂടുതൽ മറ്റൊന്നിനും പണം ചിലവാക്കിയിട്ടില്ല.

താങ്കൾ കേരളത്തിൽ സുവിശേഷ പര്യടനങ്ങൾ നടത്താറുണ്ടായിരുന്നല്ലോ. ഇപ്പോൾ ആ നിലയിൽ പ്രവർത്തിച്ചു കാണുന്നില്ല.?

ബന്ധുമിത്രാദികളെ കാണാൻ നാടു സന്ദർശിക്കുമ്പോൾ കുറേ യോഗങ്ങൾ അങ്ങുമിങ്ങും ക്രമീകരിച്ചിട്ടുണ്ട്. എനിക്ക് അവധി കിട്ടുന്നത് ജൂൺ- ഓഗസ്റ്റ് മാസങ്ങളിലാണ്. കേരളത്തിലെ മഴക്കാലം. കാലാവസ്ഥ മോശമാകയാൽ യോഗങ്ങൾ അലക്ഷ്യമാകുന്നു. അത് പണ നഷ്ടം ഉണ്ടാക്കുന്നു. ഇനി പുസ്തകങ്ങൾ വഴിയുള്ള സുവിശേഷവേല മാത്രമേ ചെയ്യുന്നുള്ളൂ. ഏതു കാലാവസ്ഥയിലും അതിൽകൂടി ആശയങ്ങൾ എത്തിക്കാം.

*? ഇന്ത്യയിലെ ആദ്യത്തെ പ്രസംഗം ?*

പ്രാദേശിക സണ്ടേസ്കൂൾ വാർഷിക മീറ്റിംഗുകളിലും ആഴ്ച തോറുമുള്ള യുവജന മീറ്റിംഗുകളിലും പത്ത് വയസ്സുമുതൽ പ്രസംഗിച്ചിട്ടുണ്ട്. ഒൻപതാം ക്ലാസിൽ പഠിക്കുമ്പോൾ ഇന്ത്യാ ദൈവസഭയുടെ സംസ്ഥാന യുവജന സമ്മേളനത്തിൽ പ്രസംഗ മത്സരത്തിന് പങ്കെടുത്തു സമ്മാനം നേടിയിട്ടുണ്ട്. എനിക്ക് പതിനേഴ് വയസ്സുള്ളപ്പോൾ ഞങ്ങളുടെ ഗ്രാമത്തിൽ മാർത്തോമ്മാ സി.എസ് ഐ പെന്തക്കോസ്തു സഭകളിലെ ചിലർ ഏകോപിപ്പിച്ച് ഇടയ്ക്കിടെ വീടുകളിൽ പ്രാർത്ഥനാ കൂട്ടായ്മകൾ നടത്തിവന്നു. അങ്ങനെ ഒരു കൂട്ടായ്മ കത്തേ വിളയിൽ ശ്രീ. വർഗ്ഗീസ് അച്ചായന്റെ വീട്ടിൽ വച്ചു നടന്നു. അന്ന് ഞാൻ പ്രസംഗിച്ചു. ആദ്യത്തെ പൊതു യോഗ പ്രസംഗമായിരുന്നു അത്.

പ്രസംഗ വിഷയം?

അബ്രഹാമിന്റെയും ലോത്തിന്റെയും ജീവിതങ്ങളെ താരതമ്യപ്പെടുത്തി കൊണ്ടുള്ള പ്രസംഗം. അതിന്റെ ഒന്നു രണ്ട് വിഷയത്തെപ്പറ്റി ഒരു കൺവൻഷൻ പ്രഭാഷകൻ മറ്റൊരു സ്ഥലത്ത് പ്രസംഗിച്ചത് കേട്ടിരുന്നു. ആ വിഷയം കടമെടുത്തു.

സ്വന്തമായ വിഷയം ആദ്യം പ്രസംഗിച്ചത്?

മുകളിൽ പ്രസംഗിച്ച കൂട്ടായ്മ യോഗത്തിൽ വച്ച് പിന്നീടൊരിക്കൽ 'ആശ്രയ ജീവിതം' എന്ന വിഷയത്തെപ്പറ്റി 125-ാം സങ്കീർത്തനത്തെ ആസ്പദമാക്കി. എന്റെ പിതാവിന്റെ ബൈബിൾ നിഘണ്ടുവും വേദ വ്യാഖ്യാനകൃതികളും ഉപയോഗിച്ച് അടുക്കും ചിട്ടയോടും കൂടി തയ്യാറാക്കിയ പ്രസംഗം.

കേരളത്തിലും ഇവിടെയും പലപ്പോഴും പുതിയ ആളുകൾക്ക് അവസരം കൊടുത്തു കാണുന്നില്ലല്ലോ?

ഏറെ നാൾ പ്രസംഗിച്ച ഒരാൾ മാറിനിന്നാൽ അയാൾ പ്രസംഗ ലോകത്തിൽ നിന്ന് പുറം തള്ളപ്പെട്ടു എന്നൊരു ധാരണ ഉണ്ടാകും എന്ന ആശങ്ക കൊണ്ടാണ് പ്രത്യേക ആത്മ നിയോഗമില്ലാതെ തന്നെ ചിലർ പിടിവിടാതെ പ്രസംഗ വേദിയിൽ തുടർച്ചയായി കയറി നിൽക്കുന്നത്. മൗനമായിരിക്കുന്നത് മാനക്കേടാണെന്ന് കരുതുന്നവരുണ്ട്. അതുകൊണ്ടാണ് വിവാഹശുശ്രൂഷയിൽ പോലും പലരും രണ്ട് വാക്ക് പറയാനായി വേദിയിൽ പ്രവേശിച്ച് ലഘു പ്രസംഗങ്ങൾ നടത്തി ഉപസംഹരിക്കുന്നത്. ജനറൽ കോൺഫറൻസുകളിൽ ക്ഷണം കിട്ടാഞ്ഞിട്ടാണെന്നുള്ള വാർത്ത ആരെങ്കിലും പറഞ്ഞു പ്രചരിപ്പിച്ചേക്കുമെന്ന ആശങ്കയും ഉണ്ടായേക്കാം. മൗനമായിരിക്കാനുള്ള കൃപ - മൗനവരം- കൂടി പല പ്രസംഗകർക്കും ആവശ്യമാണ്. ഇനി സാഹചര്യം അനുവദിക്കുമ്പോഴൊക്കെ ഞാൻ കോൺഫറൻസുകളിൽ സംബന്ധിച്ചാൽ തന്നെ, പഴയതു പോലെ പ്രസംഗിക്കാൻ ആഗ്രഹിക്കുന്നില്ല. ദൈവം എന്നെ ഏൽപിച്ച ദൗത്യം സാഹിത്യത്തിലൂടെയുള്ള സുവിശേഷീകരണമാണ്.

**ഏറെ നാൾ പ്രസംഗിച്ച ഒരാൾ മാറിനിന്നാൽ അയാൾ പ്രസംഗ ലോകത്തിൽ നിന്ന് പുറം തള്ളപ്പെട്ടു എന്നൊരു ധാരണ ഉണ്ടാകും എന്ന ആശങ്ക കൊണ്ടാണ് പ്രത്യേക ആത്മ നിയോഗമില്ലാതെ തന്നെ ചിലർ പിടിവിടാതെ പ്രസംഗ വേദിയിൽ തുടർച്ചയായി കയറി നിൽക്കുന്നത്. മൗനമായിരിക്കുന്നത് മാനക്കേടാണെന്ന് കരുതുന്നവരുണ്ട്. അതുകൊണ്ടാണ് വിവാഹശുശ്രൂഷയിൽ പോലും പലരും രണ്ട് വാക്ക് പറയാനായി വേദിയിൽ പ്രവേശിച്ച് ലഘു പ്രസംഗങ്ങൾ നടത്തി ഉപസംഹരിക്കുന്നത്.**

*ഡോ. ഏഴംകുളം സാംകുട്ടിയുമായി ജോയി തുമ്പമൺ നടത്തിയ അഭിമുഖത്തിൽ നിന്നും.*

## ജീവിതം പ്രസംഗമായപ്പോൾ

# അനുഭവത്തിലുള്ളത് പ്രസംഗിച്ചില്ലെങ്കിൽ പ്രസംഗിച്ചത് അനുഭവിക്കേണ്ടി വരും

**പാസ്റ്റർ തോമസ് ഏബ്രഹാം** (ബ്രദർ തോമസ്കുട്ടി)



നല്ല ഒരു പ്രസംഗകനാകാൻ നല്ല പ്രസംഗങ്ങൾ തയ്യാറാക്കുകയും കഴിയുംഎങ്കിൽ ഒരിടത്തു പ്രസംഗിച്ച പ്രസംഗം മറ്റൊരിടത്തും മറ്റൊരിക്കലും ചെയ്യരുതെന്നും ഒക്കെ ഒരു ചിന്താഗതി കൊണ്ടു നടന്ന ആളാണ് ഞാൻ. പല സുവിശേഷ പ്രസംഗകരുടെയും പ്രസംഗശൈലിയും വാക്ചാതുരിയും എന്നെ ആകർഷിച്ചിരുന്നതിനാൽ അപ്രകാരം ആയിത്തീരേണം എന്ന ഒരു ചിന്ത മനസിന്റെ അടിത്തട്ടിൽ ഉണ്ടായിരുന്നു.

ആത്മാർത്ഥമായിപ്പറയാമല്ലോ യേശുവിനെ അറിഞ്ഞ നാൾ മുതൽ എനിക്കുണ്ടായ ആ മഹാസന്തോഷവും രക്ഷാനുഭവവും എല്ലാവർക്കും ലഭിക്കേണം എന്ന ആത്മഭാരവും എന്നെ ഭരിച്ചിരുന്നു. കണ്ണിൽ കാണുന്നവരോടെല്ലാം സുവിശേഷം അറിയിക്കുമായിരുന്നു.

ബൈബിൾസ്കൂൾ പഠനാനന്തരം ഒരു കൊച്ചു പ്രസംഗകനായപ്പോൾ അല്പം ഒരു പ്രൊഫഷണൽ ടച്ച് വന്നിരുന്നു എന്നു തോന്നുന്നു. എന്നാൽ സുവിശേഷ പ്രസംഗം വാക്കുകളിലല്ല ശക്തിയിലത്രേ എന്ന് കർത്താവ് എന്നെ പഠിപ്പിക്കുവാൻ തുടങ്ങി. ഇപ്പോഴും ആ പഠനക്കളരിയിലെ ഒരു നഴ്സറി വിദ്യാർത്ഥി മാത്രമാണ് ഞാൻ എന്നു തോന്നിപ്പോകുന്നു.

ആ കളരിയിൽ പഠിക്കും തോറും എന്റെ പ്രസംഗകുറിപ്പുകളും, ശൈലീ പ്രയോഗങ്ങളും, ജ്ഞാനനിക്ഷേപങ്ങളും പ്രയോഗിക്കാൻ സാധിക്കാത്ത ഒരു പ്രത്യേക അവസ്ഥയിൽ ഞാൻ എത്തിച്ചേർന്നുകൊണ്ടിരിക്കുന്നു.

ആ പഠന കളരിയിലെ ഒന്നു രണ്ട് അനുഭവങ്ങൾ കുറിക്കട്ടെ.

'അനുഭവത്തിലുള്ളത് പ്രസംഗിച്ചില്ലെങ്കിൽ പ്രസംഗിച്ചത് അനുഭവിക്കേണ്ടി വരും"

എന്റെ പ്രസംഗജീവിതത്തിൽ തുടക്കം ഒരു ഇംഗ്ലീഷ് – മലയാള പരിഭാഷിയായിട്ടുകൂടിയായിരുന്നു. 1990 കളിൽ അതുവരെ ആരും പ്രസംഗിച്ചു കണ്ടിട്ടില്ലാത്ത ശക്തിയോടും അത്ഭുതങ്ങളോടും അടയാളങ്ങളോടും കൂടി പ്രസംഗിക്കുകയും വിശ്വാസിയുടെ അധികാരം, ക്രിസ്തുവിലുള്ള ഒരുവന്റെ ജയം ഇപ്രകാരമുള്ള വിഷയങ്ങൾ പ്രസംഗിക്കുകയും ചെയ്ത ഒരു ദൈവദാസന്റെ ദ്വിഭാഷിയായി അനേക സ്റ്റേജുകളിൽ ഞാൻ ശുശ്രൂഷിച്ചു ഒരു കൊടുങ്കാറ്റ് പോലെ വന്ന് കൊടുങ്കാറ്റു പോലെ കടന്നു പോയെങ്കിലും അദ്ദേഹത്തിന്റെ ശുശ്രൂഷ അദ്ദേഹത്തോടൊപ്പമുള്ള നടപ്പും എന്റെ ചിന്തഗതിയെയും ശുശ്രൂഷാരീതിയെയും സാരമായി സ്വാധീനിച്ചു. അദ്ദേഹത്തിന്റെ ശുശ്രൂഷയിലൂടെ എന്റെ സഹോദരിക്ക് ഒരു അത്ഭുത വിടുതലുമുണ്ടായി.

ഒരിക്കൽ പത്തനംതിട്ട ജില്ലയിലെ പുല്ലാട് എന്ന സ്ഥലത്തെ മൂന്നു ദിവസയോഗത്തിന്റെ രണ്ടാം ദിവസം രാത്രി യോഗം കഴിഞ്ഞ് അദ്ദേഹം എന്നോടു പറഞ്ഞു. "തോമസുകുട്ടി, ഒരു അബദ്ധം പിണഞ്ഞു. നാളെ നാഗർ കോവിലിൽ ആരംഭിക്കുന്ന ഒരു യോഗത്തിന് ഡേറ്റ് കൊടുത്തു പോയി. നാളെ ഇവിടെ സമാപന ദിവസമല്ലേ? ഇവിടെ സംഘാടകർ എന്നെ വിടുകയുമില്ല; അവിടെ എത്തിച്ചേർന്നേമതിയാകുകയുമുള്ളു. തോമസുകുട്ടി എന്നെ ഒന്നു സഹായിക്കണം. ഇവിടെ മറ്റാരെങ്കിലും ട്രാൻസിലേറ്റ് ചെയ്യട്ടെ, നാളെ നാഗർകോവിലിൽ എനിക്കു പകരം പ്രസംഗിക്കണം." "എന്റെ പാസ്റ്ററേ, എന്താ ഈ പറയുന്നേ? താങ്കൾ ലോകപ്രശസ്തനായ ഒരു വലിയ പ്രസംഗകൻ, ഞാൻ അവിടെ ചെന്നാൽ എങ്ങനെയിരിക്കും ? എന്റെ മറുപടി കേൾക്കേണ്ട താമസം അദ്ദേഹത്തിന്റെ സ്വതസിദ്ധമായ വിശ്വാസപ്രഖ്യാപനം മറുപടിയായി വന്നു.

"തോമസുകുട്ടിയും ഒരു വലിയ ആൾ ചെല്ലുന്നതു പോലെ അങ്ങു ചെന്നാൽ മതി. ബാക്കി കർത്താവ് ചെയ്തുകൊള്ളും".

ഉള്ളതു പറയാമല്ലോ, ഇത്രയേയുള്ളു ഒരു വലിയ ആൾ ആകുന്നതിന്റെ രഹസ്യം ക്രിസ്തുവിൽ നാം വലിയവർ ആണ് എന്ന തിരിച്ചറിവ്. ഞാനും ഒരു പ്രസംഗകനായി എന്ന ചിന്തയിലാണല്ലോ അച്ചൻകുഞ്ഞ് ഇലന്തൂർ ഈ ലേഖനം എഴുതാൻ എന്നോടാവശ്യപ്പെട്ടത്. പുതിയ തലമുറയോടു പറയട്ടെ നാം ചെറിയവരായിരിക്കാം, നമ്മിലുള്ളവൻ വലിയവനാണ്. നമ്മുടെ കഴിവിലല്ല. ആ യേശുവിന്റെ കഴിവിലാശ്രയിച്ച് സ്റ്റെപ്പുകൾ വയ്ക്കുക, അവിടുത്തെ കഴിവുകൾ നമ്മിലൂടെ വെളിപ്പെടുന്നതു കാണാം. മുകളിൽ പറഞ്ഞു തുടങ്ങിയ പകരം പ്രസംഗിയായ അനുഭവം എന്റെ ശുശ്രൂഷാ ജീവിതത്തിന്റെ ഗതി തിരിച്ചുവിട്ടു. അത് തുടന്നു വായിക്കുക.

പിറ്റേന്നു രാവിലെ തന്നെ തിരുവനന്തപുരത്തിനുള്ള ട്രെയിനിൽ യാത്ര പുറപ്പെട്ടു. സമയം കഴിയും തോറും ഉള്ളിൽ വല്ലാത്ത ഒരു അങ്കലാപ്പ്. ട്രെയിനിൽ ഇരുന്നു ഞാൻ ചിന്തിച്ചു. "അദ്ദേഹത്തിന്റെ പ്രസംഗം തീപ്പൊരിചിതറുന്ന ഉശിരനാണ്. അതിനോടു കിടപിടിക്കുന്ന ഒരു പ്രസംഗം ചെയ്യണം" അതിനു പറ്റിയ ഒരു വാക്യം (ഒരു ആക്ഷൻ ത്രില്ലർ വാക്യം) ഞാൻ ആലോചിക്കുവാൻ തുടങ്ങി. ഒടുവിൽ കണ്ടെത്തി യാക്കോബ് 5:17, 18.

'ഏലിയാവ് നമുക്കു സമസ്വഭാവമുള്ള മനുഷ്യൻ ആയിരുന്നു. മഴ പെയ്യാതിരിക്കേണ്ടതിന് അവൻ പ്രാർത്ഥനയിൽ അപേക്ഷിച്ചു. മൂന്നു

ശേഷം 9–ാം പേജിൽ

## 'അയാൾ മന്ത്രിയെങ്കിൽ നീ ദൈവരാജ്യത്തിന്റെ മന്ത്രിയാണ്"

പ്രസംഗത്തിൽ ദൈവം പ്രവർത്തിച്ച അത്ഭുതമാണ് മുമ്പെ വിവരിച്ചതെങ്കിൽ ഒരു പ്രസംഗവും പറയാതെ 'യേശു' എന്ന നാമം ഉച്ചരിച്ച നിമിഷം ദൈവപ്രവൃത്തി നടന്ന മറ്റൊരു സംഭവവും എന്റെ ശുശ്രൂഷാ ജീവിതത്തെ മാറ്റി മറിച്ചു. 2000–ാം ആണ്ടിൽ അരുണാചൽ പ്രദേശിലെ ഒരു മലയാളി സ്വതന്ത്രസഭയിൽ ഉപവാസ പ്രാർത്ഥനയ്ക്ക് പ്രസംഗിക്കാൻ ക്ഷണിക്കപ്പെട്ടു. വലിയ വിടുതലുകൾ കർത്താവ് ചെയ്തു. തദ്ദേശീയരായ ആൾക്കാരും വന്നു കുടുവാൻ തുടങ്ങി. ഹാൾ നിറഞ്ഞുകവിഞ്ഞു. അവസാനദിവസമായ ഞായറാഴ്ച രാവിലെ മന്ത്രി ശ്രീ. നബംതുക്കിയുടെ (ഇപ്പോൾ അരുണാചൽ പ്രദേശ് കോൺഗ്രസ് പ്രസിഡന്റും മന്ത്രിയുമാണ്) ഓഫീസിൽ നിന്ന് ഒരു ഫോൺ കോൾ. അദ്ദേഹത്തിന് വയറ്റിൽ നാളുകളായി അനുഭവിക്കുന്ന രോഗസൗഖ്യത്തിനു പ്രാർത്ഥിക്കണം. ഭാരതത്തിലെ വിദഗ്ദ ആശുപത്രികളിൽ ചികിൽസിച്ചിട്ടും ഭേദമാകാതെ അദ്ദേഹം കഷ്ടപ്പെടുന്നു. അവിടുത്തെ പാസ്റ്ററായ ഫിലിപ്പോസ് വിവരം എന്നെ അറിയിച്ചു. " പാസ്റ്റർ പ്രാർത്ഥിക്കണമെന്ന് ആവശ്യപ്പെട്ട് ഒരു മന്ത്രി വരുന്നുണ്ട്. അദ്ദേഹത്തിനിന്ന് തിരക്കിട്ട പരിപാടികളുണ്ട്. രാവിലെ 8 മണിക്ക് വരും. പത്തു മിനിറ്റിൽ കൂടുതൽ നില്ക്കാൻ സമയമില്ല.

ജീവിതത്തിൽ ആദ്യമായി ഒരു മന്ത്രിക്കു പ്രാർത്ഥിക്കുവാൻ പോകുന്നതിന്റെ 'നേർവസ്നസ്' എന്നിൽ വന്നു. അകത്തുകയറി പ്രാർത്ഥിക്കുമ്പോൾ ഉള്ളിൽ ദൈവശബ്ദം."അവൻ മന്ത്രിയെങ്കിൽ നീ ദൈവരാജ്യത്തിന്റെ മന്ത്രിയാണ്." മന്ത്രിയും പരിവാരങ്ങളും ഇറ്റാനഗർ ഡി.എസ്.എ നബംഗുംതെയും കുറെ പോലീസുകാരും ഉൾപ്പെടെ കുറെപ്പേർ എത്തി. കർത്താവ് ഉള്ളിൽ തന്ന ധൈര്യം ഒട്ടും ചോരാതിരിക്കാൻ ഒരു മുഖവുരയും കൂടാതെ മന്ത്രിയോട് ഞാൻ പറഞ്ഞ (അല്ല; എന്റെ ഉള്ളിൽ നിന്നു വന്ന) വാക്കുകൾ അതേ പടി കുറിക്കട്ടെ.

"മന്ത്രി, താങ്കൾക്ക് ഈ സ്റ്റേറ്റിൽ മുഴുവൻ അധികാരമുണ്ട്. താങ്കൾ എന്തു പറഞ്ഞാലും ഇവിടെ നടക്കും. എന്നാൽ ഞാൻ പ്രസംഗിക്കുന്ന യേശുവിന് സ്വർഗ്ഗത്തിലും ഭൂമിയിലും സർവ്വാധികാരങ്ങളുമുണ്ട്....."വാചകം ഞാൻ മുഴുപ്പിച്ചില്ല; യേശുവിന് സർവ്വാധികാരങ്ങളുമുണ്ട് എന്നു ഞാൻ പറഞ്ഞതും ഉദ്ദേശ്യം ഒരു പത്ത് അടി ദൂരെ കാര്യങ്ങൾ വീക്ഷിച്ചുകൊണ്ടു നിന്ന ഡി.എസ്.പി ഗുംതേ അലറിക്കൊണ്ട് നിലത്തു വീണ് ഉരുളുവാൻ തുടങ്ങി.

മന്ത്രിയും കൂട്ടരും പകച്ചു നോക്കി നില്ക്കുന്നു. പിന്നെ ഒന്നും പറയേണ്ടതില്ലല്ലോ, പന്ത് നമ്മുടെ കോർട്ടിലായി. ഞാനും പാസ്റ്ററും ചേർന്ന് ഭുതത്തെ ശാസിച്ചു. അല്പനേരം മരിച്ചതുപോലെ കിടന്ന ശേഷം ആ മനുഷ്യൻ എഴുന്നേറ്റ് നിലത്തു തന്നെ ഇരുന്നുകൊണ്ട് രണ്ടു കരങ്ങളും ഉയർത്തി ഇങ്ങനെയാണ് പറഞ്ഞത്. "എന്റെ പിതാവ് ഒരു മന്ത്രവാദിയും പുരോഹിതനുമാണ്. ഞാൻ ആ സ്ഥാനം ഏറ്റെടുക്കേണ്ട ആളാണ്. എന്നാൽ യേശുവിനെ ഞാൻ സ്വീകരിച്ചിരിക്കുന്നു."

പത്തു മിനിറ്റ് മാത്രമേ പ്രോട്ടോക്കോൾ പ്രകാരം അവിടെ ചിലവഴിക്കു എന്നു പറഞ്ഞ മന്ത്രിയും വിടുതൽ പ്രാപിച്ച ഡി.എസ്.പി യും കൂടെയുള്ളവരും അന്നത്തെ സഭായോഗം മുഴുവൻ പങ്കെടുത്തു. ഓർക്കുക അന്നു യോഗം തീർന്നപ്പോൾ വൈകുന്നേരം 4 മണി! അന്നത്തെ സഭാരാധനയിൽ ആദിവാസികളായ അനേകരിൽ നിന്നു ഭൂതങ്ങൾ അലറിയോടി. മുടന്തർ പലർ നടക്കുവാൻ തുടങ്ങി. ചില അന്ധർ, കാഴ്ചപ്രാപിച്ചു. കാണുവാനും കേൾക്കുവാനും ധാരാളമുണ്ടായിരുന്ന ആ സഭായോഗം 4 മണി ആയത് ആരും അറിഞ്ഞില്ല.

ഈ മീറ്റിംഗുകളും വീര്യപ്രവർത്തികളും ഒരു വലിയ ഉണർവിനു തിരികൊളുത്തുന്ന സംഭവങ്ങളായി മാറി. ഡി.എസ്.പി നബംഗുംതേ ഇന്ന് ആ ഉണർവിന്റെ മുൻനിരയിൽ ദൈവം ശക്തമായി ഉപയോഗിക്കുന്ന ഒരു കർത്തൃദാസനായി. അരുണാചൽ പ്രദേശിലെ വിവിധ സ്ഥലങ്ങളിലേക്ക് ഉണർവ്വ് പടർത്തുവാൻ അദ്ദേഹത്തെ പാസ്റ്ററോടൊപ്പം ദൈവം ഉപയോഗിച്ചുകൊണ്ടിരിക്കുന്നു. ഡി.എസ്.പിയുടെ മന്ത്രവാദിയായ പിതാവടക്കം പതിനായിരത്തിലധികം പേർ ആദ്യ കാലത്തു തന്നെ കർത്താവിൽ വിശ്വസിച്ച് അത്ഭുത ജീവിത രൂപാന്തരത്തിലേക്കു വന്നു. ഇന്ന് പല എം. എൽ.എ മാർക്കും ഉന്നത ഉദ്യോഗസ്ഥരും ആ സഭയിലുണ്ട്.

**പാസ്റ്റർ തോമസ് ഏബ്രഹാം**



നമ്മുടെ
കർത്താവു ജീവിച്ച
നാടുകളിലൂടെ...
നൂറുനൂറു ചരിത്ര
സ്മാരക കാഴ്ച
കൾ കാണാൻ
അവസരം!



# രക്ഷകന്റെ നാട്ടിൽ

**ഈജിപ്ത് —> സീനായ് —> ഇസ്രയേൽ —> പാലസ്തീൻ —> ജോർദ്ദാൻ**

- ഗൾഫ്, അമേരിക്ക, ഇംഗ്ലണ്ട് എന്നീ രാജ്യങ്ങളിൽ നിന്നും നേരിട്ടു ടൂറുകൾ.
- കേരളത്തിൽ നിന്നും മറ്റു സ്റ്റേറ്റുകളിൽ നിന്നും യാത്രകൾ.
- സഭകൾക്കും മിഷൻ സംഘടനകൾക്കും വേണ്ടി പ്രത്യേകം പാക്കേജുകൾ!




മരുപ്പച്ച ചീഫ് എഡിറ്റർ അച്ചൻകുഞ്ഞ് ഇലന്തൂർ നേതൃത്വം നല്കുന്നു.

## സന്ദർശിക്കുന്ന പ്രധാന സ്ഥലങ്ങൾ

### ഈജിപ്ത്

ഈജിപ്ഷ്യൻ മ്യൂസിയം, പിരമിഡുകൾ, സ്ഫിങ്ക്സ്, ആദ്യ നൂറ്റാണ്ടുകളിലെ ആരാധനാലയങ്ങൾ, നൈൽ നദിയിലൂടെ ബോട്ട് യാത്ര, സൂയസ് കനാൽ തീരത്തു കൂടി യാത്ര, മുൾപ്പടർപ്പ് സീനായ്മല, പത്തു കല്പനകൾ ലഭിച്ച സ്ഥലം.

### യിസ്രായേൽ- പാലസ്തീൻ



യെരൂശലേം നഗരം, ഒലീവ് മല, കർത്താവു പ്രാർത്ഥന പഠിപ്പിച്ച സ്ഥലം, ഓശാന വീഥി, ഗദ്സമനെ തോട്ടം, യേശു മുട്ടുകുത്തി പ്രാർത്ഥിച്ച പാറ. രണ്ടായിരം വർഷത്തിൽപരം പഴക്കമുള്ള ഒലിവ് വൃക്ഷങ്ങളും, **ബേത്‌ലഹേം** യേശുവിന്റെ ജന്മസ്ഥലം, ആട്ടിടയന്മാർക്ക് ദൂതന്മാർ പ്രത്യക്ഷമായ സ്ഥലം, യോഹന്നാൻ സ്നാപകന്റെ ജന്മസ്ഥലം,

**ഗോൽഗോഥാ, യെരിക്കോ, ബഥനി**

ബേദ്സെയ്ദാകുളം, ദാവീദ് രാജാവിന്റെ ശവകുടീരം, പരീക്ഷാമല, സക്കായി കർത്താവിനെ കാണാൻ കയറിയ അത്തിവൃക്ഷം, മർക്കോസിന്റെ മാളികമുറി, ബെഥനിയിൽ മറിയയുടെയും മാർത്തയുടെയും ഭവനം, ലാസറിനെ ഉയിർപ്പിച്ച കല്ലറ, **ചാവുകടൽ**, യേശു കുരിശും ചുമന്നുപോയ വഴി, പീലാത്തോസ് വിധിപ്രസ്താവിച്ച മന്ദിരം, മുൾക്കിരീടം ചൂടിയയിടം, കുരിശിന്റെ വഴിയിലെ പതിന്നാല് സ്ഥലങ്ങൾ, യേശുവിനെ കുരിശിൽ തറച്ച സ്ഥലം, തലയോടിടം, *കർത്താവിനെ അടക്കിയ കല്ലറതോട്ടത്തിൽ ആരാധന*, കർത്താവുയിർത്തെഴുന്നേറ്റ കല്ലറ.

**സിയോൻ, നസ്രത്ത്, കാന, യോർദ്ദാൻ നദി**

ഗബ്രിയേൽ ദൂതൻ മറിയയ്ക്കു പ്രത്യക്ഷപ്പെട്ട സ്ഥലം, യോസഫിന്റെയും മറിയയുടെയും ഭവനം, യോസഫിന്റെ പണിശാല, യേശു ബാല്യകാലം ചിലവിട്ട സ്ഥലങ്ങൾ.

പച്ചവെള്ളത്തെ വീഞ്ഞാക്കിയ കാനായിലെ കല്യാണവീട്, താബോർ മല, യേശു സ്നാനമേറ്റ യോർദ്ദാൻ നദി.

**ഗലീല തടാകത്തിൽ ബോട്ടുയാത്ര**

പരസ്യ ശുശ്രൂഷ ആരംഭിച്ച കഫർന്നഹൂം, ഗിരിപ്രഭാഷണമല, യേശു വെള്ളത്തിനു മീതെ നടന്ന ഗലീല തടാകത്തിലൂടെ ബോട്ടുയാത്ര.

### ജോർദ്ദാനിലെ നെബോ പർവ്വതം

മോശെ അവസാനമായി വാഗ്ദത്ത നാട് ദർശിച്ച നെബോ പർവ്വതം.



### പ്രത്യേകതകൾ

- സ്റ്റാർ ഹോട്ടലുകളിൽ താമസം
- മൂന്നുനേരവും വിഭവസമൃദ്ധമായ ഭക്ഷണം
- മികച്ചയാത്രാ സൗകര്യങ്ങൾ
- ഷോപ്പിംഗ് അവസരങ്ങൾ
- ആത്മീയ ചിന്തകൾ ഉണർത്തുന്ന പഠനങ്ങളും ആരാധനയും
- പ്രഗത്ഭരായ ഗൈഡുകളുടെ സേവനം.

**യെരുശലേം യാത്രയ്ക്കുള്ള സീറ്റുകൾ ഉടൻ തന്നെ ഉറപ്പാക്കുക**

**ഫോൺ : 0469 – 2634321, 9847166994**

കൂടുതൽ വിവരങ്ങൾക്ക്

**Maruppacha , Planthottam Complex,**
**Tiruvalla - 689 101, Phone : 0469-2634321**
Website : www.marupacha.com. E-mail : maruppacha@yahoo.com




"അവൻ ഉയിർത്തെഴുന്നേറ്റു; അവൻ ഇവിടെ ഇല്ല; അവനെ വച്ച സ്ഥലം ഇതാ"
യെരുശലേമിൽ യേശുവിനെ അടക്കം ചെയ്ത കല്ലറയ്ക്ക് സമീപം
അച്ചൻകുഞ്ഞ് ഇലന്തൂർ

മരുപ്പച്ച
വാർത്തകൾ

ELEVENTH EDITION
HALLELUJAH 2010
TELEPHONE DIRECTORY



**ലോ**കമെങ്ങുമായി ചിതറിക്കിടക്കുന്ന പതിനായിരത്തിലേറെ മലയാളി പെന്തെക്കോസ്തു സഭകളിലെ ലക്ഷകണക്കിന് വിശ്വാസികളെയും പാസ്റ്റേഴ്സിനേയും പരസ്പരം ബന്ധിപ്പിക്കുന്ന ഡയറക്ടറിയാണ് **ഹാലേലൂയ്യ ടെലിഫോൺ & ഇ-മെയിൽ ഡയറക്ടറി.** കഴിഞ്ഞ പത്തുവർഷമായി തുടർച്ചയായി പ്രസിദ്ധീകരിക്കുന്ന ഈ ഡയറക്ടറിയുടെ ഓരോ പതിപ്പിനും വിശ്വാസ സമൂഹത്തിൽ വൻ അംഗീകാരമാണ് ലഭിച്ചത്.

കൂടുതൽ വിപുലമായി പരിഷ്കരിച്ച് കൂടുതൽ എൻട്രികളോടെ തയ്യാറാക്കിയിരിക്കുന്ന പുതിയ ഡയറക്ടറി 2009 ഡിസംബർ അവസാന വാരം പ്രസിദ്ധീകരിക്കുന്നു. വളരെയധികം ഇഴയടുപ്പമുള്ള പെന്തെക്കോസ്തു സഭകൾ ഇന്ന് കേരളത്തിലെ പ്രധാന സാമൂഹ്യ-സാമ്പത്തിക ശക്തിയായി വളർന്നുകഴിഞ്ഞു. പതിനായിരക്കണക്കിന് എൻ.ആർ.ഐ. കുടുംബങ്ങൾ ഈ സമൂഹത്തിന്റെ ക്രയശേഷിയുടെ അടിത്തറയാണ്.

മറ്റ് സഭാ സമൂഹങ്ങളെ അപേക്ഷിച്ച് എപ്പോഴും പരസ്പരം ബന്ധപ്പെട്ടുകൊണ്ടിരിക്കുന്നവരാണ് പെന്തെക്കോസ്തു വിശ്വാസികൾ. അതിനാൽ തന്നെ നിരന്തരം ടെലിഫോൺ നമ്പറുകൾ കണ്ടെത്തേണ്ടിവരും. അതുകൊണ്ടുതന്നെയാണ് കഴിഞ്ഞ പത്ത് വർഷവും ഹാലേലൂയ്യ ഡയറക്ടറിക്ക് അഭൂതപൂർവ്വമായ സ്വീകരണം ലഭിച്ചത്. ഈ ഡയറക്ടറിയുടെ ഉപയോഗക്ഷമതയും ആവശ്യകതയും വ്യക്തമാക്കുന്നതാണ് വർഷം തോറുമുള്ള ഇതിന്റെ വളർച്ച. **വർഷം മുഴുവൻ വിവിധ ആവശ്യങ്ങൾക്കായി ഉപയോഗിക്കപ്പെടും എന്നതിനാൽ ഇതിൽ പ്രസിദ്ധീകരിക്കുന്ന പരസ്യങ്ങളും വർഷം മുഴുവൻ ശ്രദ്ധിക്കപ്പെടുമെന്നുറപ്പാണ്. താങ്കളുടെ പരസ്യങ്ങൾക്ക് ഏറ്റവും അനുയോജ്യമായ മാധ്യമമാണീ ഡയറക്ടറി.**

| ADVERTISEMENT TARIFF | | Multi Colour | Single Colour |
|---|---|---|---|
| Front Cover | 8 cm x 17 cm | 30,000 | -- |
| Front Cover Flap | 36 cm x 26 cm | 35,000 | -- |
| Back Cover | 23 cm x 17 cm | 35,000 | -- |
| Cover Inside | 23 cm x 17 cm | 25,000 | -- |
| Full Page | 23 cm x 17 cm | 8,000 | 5,000 |
| Half Page | 11 cm x 17 cm | 5,000 | 3,000 |
| Quarter Page | 6 cm x 17cm | 3,000 | 1,500 |
| Minimum/Strip | 6cmx8cm/3cmx11cm | 900 | |

■ ലക്ഷത്തിലധികം ഫോൺ നമ്പറുകൾ ■ ഡിസ്ട്രിക്റ്റ് അടിസ്ഥാനത്തിലുള്ള സോർട്ടിംഗ് ■ അക്ഷരമാലക്രമത്തിലുള്ള അവതരണം ■ യെല്ലോപേജിൽ അമ്പതിലധികം വിഭാഗങ്ങൾ ■ പ്രവാസിമലയാളികൾക്ക് പ്രത്യേക വിഭാഗം ■ ഇ-മെയിൽ ഡയറക്ടറി ■ വ്യക്തികളെ പരിചയപ്പെടുത്തുന്ന ഹു ഈസ് ഹു?

**ഹൂ ഈസ് ഹു വിലേക്ക്**
നിങ്ങളെ കുറിച്ചുള്ള ലഘു വിവരണവും ഫോട്ടോയും മൾട്ടി കളറിൽ ഡയറക്ടറിയിൽ ഉൾപ്പെടുത്തുന്നതിന് ആഗ്രഹിക്കുന്നെങ്കിൽ ഉടൻ ബന്ധപ്പെടുക
750 രൂപയാണ്
ഇതിന്റെ ചാർജ്.




**ഫോൺ:**
9349500155,
0469 – 3290355

മലയാളി വിശ്വാസികൾ
ഉള്ളിടത്തെല്ലാം
ഹാലേലൂയ്യാ ഡയറക്ടറി
എത്തുന്നു

പെന്തെക്കോസ്ത് സമൂഹത്തിലെ ഏക ടെലിഫോൺ ഡയറക്ടറി

## പി.വൈ.പി.എ. സംസ്ഥാന കൺവൻഷൻ




പി.വൈ.പി.എ. സംസ്ഥാന കൺവൻഷൻ പാസ്റ്റർ വി.പി.ഫിലിപ്പ് ഉദ്ഘാടനം ചെയ്യുന്നു. പാസ്റ്റർ റ്റി.എ.തോമസ്, മാത്യു ജോൺ, ബിനു ജേക്കബ്, സാബു ചാപ്രത്ത്, അജി കല്ലുങ്കൽ എന്നിവർ സമീപം

## പാസ്റ്റർ ജോൺ ജോർജ്ജ് മലബാർ മിഷൻ ചെയർമാൻ



**കുമ്പനാട്:** 70-ൽപ്പരം വർഷങ്ങൾ ഐ.പി.സിയിലെ ശുശ്രൂഷകനും സീനിയർ മിനിസ്റ്ററുമായിരുന്ന പാസ്റ്റർ വിജെ.ജോർജ്ജിന്റെ മകൻ പാസ്റ്റർ ജോൺ ജോർജ്ജിനെ മലബാർ മിഷൻ ചെയർമാനായി കുമ്പനാട്ടു നടന്ന ഐ.പി.സി.കൗൺസിൽ ഐകകണ്ഠേന തിരഞ്ഞെടുത്തു. പരുമല ദേവസ്വം ബോർഡ് കോളജിൽ നിന്നും പ്രീ-ഡിഗ്രിയും, ചങ്ങനാശ്ശേരി എൻ.എസ്.എസ്.കോളജിൽ ബി.എസ്.സിയും, തിരുവനന്തപുരം കേരളാ ലോ അക്കാഡമിയിൽ നിന്നും എൽ.എൽ.ബി പാസ്സായ പാസ്റ്റർ ജോൺ ജോർജ്ജ്, ഐ.പി.സി.നിലമ്പൂർ സെന്റർ വൈസ് പ്രസിഡന്റും, ന്യൂ ഹോപ്പ് ബൈബിൾ കോളജിന്റെ വൈസ് പ്രസിഡന്റുമാണ്. പാലക്കാടു മുതൽ കാസർഗോഡു വരെയുള്ള ആറു റവന്യു ജില്ലകളിലുള്ള സെന്ററുകളായ പാലക്കാട് നോർത്ത്, പാലക്കാട് സൗത്ത്, ഒലവക്കോട്, ചിറ്റൂർ, ആലത്തൂർ, വടക്കാഞ്ചേരി, മീനാക്ഷിപുരം, പട്ടാമ്പി, ഒറ്റപ്പാലം, അട്ടപ്പാടി, മലപ്പുറം, ഗൂഡല്ലൂർ, നിലമ്പൂർ നോർത്ത്, നിലമ്പൂർ സൗത്ത്, മഞ്ചേരി, കോഴിക്കോട്, തിരുവമ്പാടി, വടകര, വയനാട്, കല്പ്പറ്റ, കണ്ണൂർ, ഇരുട്ടി, കൂത്തുപറമ്പ്, കാസർഗോഡ് എന്നീ സഭകളിലെ 450 സഭകളാണ് മലബാർ മിഷന്റെ പരിധിയിൽ വരുന്നത്. വൈസ് ചെയർമാനായി കാസർഗോഡു സെന്റർ ശുശ്രൂഷകൻ പാസ്റ്റർ കെ.ജി.പുന്നൂസിനെയും, കെ.ജോർജ്ജ് തോമസിനെ സെക്രട്ടറിയായും, റ്റി.സി.മാത്യുവിനെ ട്രഷറാറായും കൗൺസിൽ തിരഞ്ഞെടുത്തു.

## ന്യൂ ഇന്ത്യ ചർച്ച് ഓഫ് ഗോഡ് ജനറൽ കൺവൻഷൻ ജനുവരി 4ന്

**ചിങ്ങവനം:** ന്യൂ ഇന്ത്യാ ദൈവസഭയുടെ ജനറൽ കൺവൻഷൻ 2010 ജനുവരി 4-10 വരെ ബഥേസദാ നഗറിൽ നടക്കും. സഭാ പ്രസിഡന്റ് വി.എ.തമ്പി ഉദ്ഘാടനം ചെയ്യും. പാസ്റ്റർമാരായ ആർ.ഏബ്രഹാം, കെ.ജോയി, ബാബു ചെറിയാൻ, ബിജു തമ്പി, സുവി.പി.ഐ.ഏബ്രഹാം തുടങ്ങിയവർ പ്രസംഗിക്കും. മിഷൻ മീറ്റിംഗ്, ബൈബിൾ ക്ലാസ്, സഹോദരി സമ്മേളനം, പാസ്റ്റേഴ്സ് കോൺഫ്രൻസ്, യുവജന-സൺഡേസ്കൂൾ സമ്മേളനം, കർതൃമേശയോടു കൂടിയ സംയുക്ത ആരാധനയും ഉണ്ടായിരിക്കും.

കൺവൻഷന്റെ ക്രമീകരണത്തിനായി ഷിബു സഖറിയാ ജനറൽ കൺവീനറായി കമ്മറ്റി പ്രവർത്തിക്കുന്നു. പാസ്റ്റർമാരായ റ്റി.ജെ.ജോഷി (പ്രാർത്ഥന), ടി.എം.കുരുവിള (പ്രോഗ്രാം), ജോർജ്ജ് തോമസ് (ഫൈനാൻസ്), സ്റ്റീഫൻ ജേക്കബ് (പബ്ലിസിറ്റി), തോമസ് ഏബ്രഹാം (ഫുഡ്), ടി.എം.കുരുവിള (ബുക്ക്സ്റ്റാൾ) എന്നിവർ വിവിധ കമ്മറ്റി കൺവീനർമാരാണ്.

## വന്ദേമാതരത്തിന് എതിരേ ഫത്വ

**ദേവ്ബന്ദ് (യു.പി):** ദേശീയ ഗീതമായ വന്ദേമാതരം മുസ്ലീങ്ങൾ ആലപിക്കരുതെന്ന് ജമാഅത് ഇ ഉലമ ഹിന്ദ് ഫത്വ പുറപ്പെടുവിച്ചു. വന്ദേമാതരത്തിലെ ഏതാനും വരികൾ ഇസ്ലാമിന്റെ കാഴ്ചപ്പാടുകൾക്ക് വിരുദ്ധമാണെന്ന് ദേവ്ബന്ദിൽ ചേർന്ന ജമാ അത് ഇ ഉലമ ഹിന്ദിന്റെ ദേശീയ സമ്മേളനം അംഗീകരിച്ച പ്രമേയത്തിൽ പറയുന്നു. കേന്ദ്ര ആഭ്യന്തര മന്ത്രി പി. ചിദംബരം ദേശീയ സമ്മേളനത്തെ അഭിസംബോധന ചെയ്തിരുന്നു.

അതിനിടെ മുസ്ലീം നിയമ ബോർഡ് പ്രമേയത്തെ ന്യായീകരിച്ചു. മുസ്ലീംകൾക്ക് അല്ലാഹുവിനെയല്ലാതെ മറ്റാരെയും അംഗീകരിക്കുവാൻ കഴിയില്ലെന്നു ബോർഡിന്റെ പ്രമുഖ നേതാവ് കമാൽ ഫറൂഖി പറഞ്ഞു. 'ഞങ്ങൾ രാഷ്ട്രത്തെ സ്നേഹിക്കുന്നു. എന്നാൽ ആരാധിക്കാൻ കഴിയുകയില്ല' ഫറൂഖി പറഞ്ഞു

www.marupacha.com
**മരുപ്പച്ച വെബ്സൈറ്റിൽ**

മരുപ്പച്ച അതേ രൂപത്തിൽ
**സൗജന്യമായി**
വെബ്സൈറ്റിൽ നിന്നും
ഡൗൺലോഡ് ചെയ്യാം.
നിങ്ങൾ ലോകത്തിന്റെ
എവിടെയാണെങ്കിലും
എല്ലാ മാസവും 07, 22
തീയതികളിൽ
മരുപ്പച്ച വായിക്കാം.
സന്ദർശിക്കുക:



www.marupacha.com

*പ്രാർത്ഥിപ്പിൻ! പ്രാർത്ഥിപ്പിൻ!*

# ശാന്തിപുരം കൺവൻഷൻ

## (ഇരുപത്തിമൂന്നാം വർഷത്തിലേക്ക്)

## 2010 ജനുവരി 1 – 7

### തിരുവല്ലാ – കാവുംഭാഗം,
### ശാന്തിപുരം കൺവൻഷൻ നഗറിൽ

മിനിസ്ട്രി ഫോർസിക്ക് ആൻഡ് അഡിക്റ്റഡ് എന്ന ശുശ്രൂഷയുടെ വാർഷിക കൺവൻഷനായി 1988 ൽ ആരംഭിച്ച ശാന്തിപുരം കൺവൻഷൻ എല്ലാ വർഷാരംഭ സപ്തദിനങ്ങളിൽ വചനോത്സവമായി നടന്നു വരുന്നു.

**പ്രധാന പ്രസംഗകർ**

**അഭിവന്ദ്യ. മാർത്തോമ്മാ മെത്രാപ്പോലീത്ത**
ഉൽഘാടനം ചെയ്യുന്നു.
ബ്രദർ ബാബു പുല്ലാട്
റവ. ഫാ. പൗലോസ് പാറേക്കര
റവ. ഫാ. ജോസഫ് പുത്തൻപുര
ബ്രദർ പി. ജി. വർഗ്ഗീസ്, ന്യൂഡൽഹി
റവ. ഡോ. സി. എം. വർഗ്ഗീസ്, ചിറക്കടവിൽ

**നവജീവോദയം 'മിഷ്യൻസ് ഇൻഡ്യാ'**
ഗായകസംഘം നേതൃത്വം നല്കുന്നു.

*കൂടിവരുവിൻ! അനുഗ്രഹം പ്രാപിപ്പീൻ!*

*കൂടുതൽ വിവരങ്ങൾക്ക് :-*
റവ. ഡോ. സി.എം. വർഗ്ഗീസ്, ചിറക്കടവിൽ
ശാന്തിപുരം, കാവുംഭാഗം പി.ഒ., തിരുവല്ല – 2, കേരള
ഫോൺ : 0469 – 2602855, 2630762,9847157363, 9447895540
E-mail:cmvachen@gmail.com

*"ഞങ്ങളോ ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ പ്രസംഗിക്കുന്നു"*

## പെന്തക്കോസ്തൽ മാറാനാഥാ ഗോസ്പൽ ചർച്ച്

# ജനറൽ കൺവൻഷൻ

കർമ്മേൽ പ്രയർ ഹാൾ,സ്വിമ്മിംഗ് പൂളിനു സമീപം, വെള്ളയമ്പലം, തിരുവനന്തപുരം

## 2009 ഡിസംബർ

21 തിങ്കൾ 6 p.m. മുതൽ
25 വെള്ളി 2 p.m വരെ
രാവിലെ 10 മണിമുതൽ 1 മണിവരെ
രാത്രി 6 മണിമുതൽ 9 മണിവരെ

*ഗാനശുശ്രൂഷ*
എ. ജി. ചർച്ച് മ്യൂസിക് ടീം,
കാട്ടാക്കട

ഉദ്ഘാടനം: **പാസ്റ്റർ കെ.കെ.ജോസഫ്** (ജനറൽ പ്രസിഡന്റ്)

**പ്രാസംഗികർ:**

പാസ്റ്റർ റ്റി. ഡി. ബാബു, പിറവം
പാസ്റ്റർ എം. എ. ജോൺ
പാസ്റ്റർ ഫിലിപ്പ് പി. തോമസ്, കരുവാറ്റ
പാസ്റ്റർ ജേക്കബ് നേശമണി
പാസ്റ്റർ വി. റ്റി. ഏബ്രഹാം, കോഴിക്കോട്
പാസ്റ്റർ ജി. ജെ. അലക്സാണ്ടർ
പാസ്റ്റർ വർഗീസ് ഏബ്രഹാം, റാന്നി

പാസ്റ്റർ ആർ. സി. കുഞ്ഞുമോൻ, പബ്ലിസിറ്റി കൺവീനർ : ഫോൺ: 9847018290

**GOSPEL LETTER MINISTRIES**

# Revival 2009

VENUE :
NEW MUMBAI ALLAINCE CHURCH,
SECTOR 8, VASHI, NAVI MUMBAI
2009 December 14 to 20
10.30 a.m to 1 p.m.; 6.30 p.m. to 9.30 p.m.

**SPEAKERS :**



REV. SUNNY THAZHAMPALLAM (U.S.A.)
REV. ROLLY SING (LUCKNOW)
BR. SUNNI IKKATTU (KERALA)
Prof. JOLLY JOSEPH (U.S.A.)

*Music & Worship:*
Christ Celebrants &
Voice of Witnesses

15, 16 (10.30 a.m to 1 p.m)
Ladies Metting
Prof. Jolly Joseph

*for further details contact :*
GOSPEL LETTER MINISTRIES
Ph : 09221262325,
022-22979100,
9222178947



Co-ordinator
Pr. James Mathew
Media Convenor
Pr. John Mathew

ക്രൈസ്റ്റ് വിഷൻ ഫോർ ഇൻഡ്യയുടെ ആഭിമുഖ്യത്തിൽ

# ഫയർ–2009

## എരുമേലി പഞ്ചായത്ത് ഗ്രൗണ്ട്, കനകപ്പാലം

2009 ഡിസംബർ 26 മുതൽ 30 വരെ
10.30 a.m to 1 p.m,
6.30 p.m to 9.30 p.m

**പ്രസംഗകർ:**
റവ. എം. കുഞ്ഞപ്പി (CGI State Oversser)
റവ. പി. ജി. മാത്യൂസ് (CGI Asst. Oversser)
റവ. ഡോ. കെ.ജെ. മാത്യു (USA)
റവ. പി.പി.കുര്യൻ (USA)
റവ.ഡോ.ജോയി.ജോസഫ് (USA)
റവ.ജോൺസ് മാത്തൻ (USA)
റവ.സണ്ണി താഴംപള്ളം (USA)
പ്രഫസർ ജോളി ജോസഫ് (USA)
സിസ്റ്റർ അന്നമ്മ നൈനാൻ (USA)



*തീം:*
നിങ്ങൾ പോയി
നല്ല ഫലം
കായ്പ്പിൻ

*സംഗീതശുശ്രൂഷ:*
കാൽവറി മെലഡീസ്,
എരുമേലി



*കോർഡിനേറ്റേഴ്സ്:*
പാസ്റ്റർ പി.കെ. തോമസ്,
പാസ്റ്റർ രാജൻകുട്ടി മുക്കട.
ബ്രദർ. സണ്ണി മഴുക്കീർ
പാസ്റ്റർ ജോൺ മാത്യു
Ph. 9961344491

## അപ്പൊസ്തല പ്രവർത്തികളിലെ പ്രസിദ്ധ ഭവനങ്ങൾ

# പൗലൊസിന്റെ കർക്കശതയും ബർന്നബാസിന്റെ വിട്ടുവീഴ്ചയും



പാസ്റ്റർ മാത്യൂ സാമുവൽ

**മാളികമുറിയും ന്യായവിധിയും**

**അ**നുഗ്രഹങ്ങൾക്കും അത്ഭുതങ്ങൾക്കും മാത്രമല്ല ഈ ഭവനം സാക്ഷ്യം വഹിച്ചത്. പ്രസ്താവ്യമായ ചില ന്യായവിധികൾ കൂടി ഈ ഭവനത്തിൽ നടന്നു. പരിശുദ്ധാത്മാവിനോടു വ്യാജം കാണിച്ച അനന്യാസ്-സഫീര ദമ്പതികൾ ഉത്തരക്ഷണം പ്രാണനെ വിട്ടത് ഈ ഭവനത്തിൽവെച്ചായിരുന്നു. സർവ്വസഭയ്ക്കും അതു കേട്ടവർക്കെല്ലാം ഭീതിവിഷയകമായി ഈ സംഭവം തീർന്നു. പ്രവ്യ. 5.

ദിനംപ്രതി പെരുകിക്കൊണ്ടിരിക്കുന്ന ശിഷ്യവൃന്ദത്തിന്റെ ഭൗതിക സന്ധാരണം നടന്നതു വസ്തുവകകളുള്ള സഹോദരങ്ങൾ തങ്ങളുടെ സ്വത്തുവിറ്റു പണം അപ്പൊസ്തലന്മാരുടെ കാൽക്കൽ വെക്കുന്നതിലൂടെയായിരുന്നു. തങ്ങളിൽ വലുതോ ചെറുതോ ആയ ഭൂവുടമകൾ ഇക്കാര്യം സസന്തോഷം നിർവ്വഹിച്ചിരുന്നു. അവർ പിന്നാലെ തിരഞ്ഞെടുത്ത ഭൗതിക കാര്യനിർവ്വാഹക കമ്മറ്റി ഓരോരുത്തരുടെയും ആവശ്യാനുസരണം ആ തുക വീതിക്കയും ചെയ്തു. തങ്ങളുടെ രക്ഷകനുവേണ്ടി എന്തു ത്യാഗം സഹിപ്പാനും സന്നദ്ധത പ്രകടിപ്പിച്ച നിരവധി ഔദാര്യനിധികൾ ഇക്കാര്യം പരപ്രേരണ കൂടാതെ സ്വമേധയാ ചെയ്തു പോന്നു. ആരും ആരെയും നിർബന്ധിച്ചില്ല. എല്ലാം മനഃപൂർവ്വം ചെയ്യാൻ അവർ സന്നദ്ധരായി. "തനിക്കുള്ളതൊന്നും സ്വന്തമെന്ന് ആരും പറഞ്ഞില്ല; സകലവും അവർക്കു പൊതുവകയായിരുന്നു. മുട്ടുള്ളവർ ആരും അവരുടെ ഇടയിൽ ഉണ്ടായിരുന്നില്ല" പ്രവ്യ. 4:32-35.

മറിയയുടെ സ്വസഹോദരൻ




'യോസേഫ്-ബർന്നബാസ്' യെരൂശലേമിൽ തനിക്കുണ്ടായിരുന്ന നിലം വിറ്റ് അപ്പൊസ്തലപാദത്തിൽ വെച്ചു. ഈ ഉത്തമദൃഷ്ടാന്തം വഴി താൻ ഏവർക്കും അനുകരണയോഗ്യനായി മാറി. പ്രവ്യ. 4:36, 37.

ദൈവസ്നേഹത്താൽ നിർബന്ധിതമായ ഈ ത്യാഗോജ്ജ്വലതയ്ക്കു മുമ്പിൽ അനന്യാസ്-സഫീറമാർ പൂർണ്ണ സമർപ്പണമെന്ന ഭാവേന അപൂർണ്ണവും കപടവുമായ സമർപ്പണത്തിനൊരുമ്പെട്ടു. പരിശുദ്ധാത്മാവ് പൊടുന്നനവേ ന്യായവിധി അയച്ചു. കേവലം മൂന്നു മണിക്കൂറിനുള്ളിൽ ഇരുവരും അപ്പൊസ്തലന്മാരുടെ മുമ്പിൽ പിടഞ്ഞുമരിച്ചു. കേട്ടവർക്കെല്ലാം മഹാഭയമുണ്ടായി. അനുഗ്രഹപന്ഥാവിൽ നിന്നും വ്യതിചലിക്കുന്നവർക്കു ശാപത്തിന്റെ വഴിയും ചാരെ തന്നെയുണ്ട് എന്ന സത്യം ഇവിടെ തെളിയുന്നു. "ഭയത്തോടെ യഹോവയെ സേവിപ്പിൻ; വിറയലോടെ ഘോഷിച്ചുല്ലസിപ്പിൻ.'' സങ്കീ. 2:11; എബ്രാ.12:28,29.

**മാളികമുറിയും മർക്കൊസു സുവിശേഷകനും**

ഈ അനുഗൃഹീതഭവനത്തിന്റെ സംഭാവനയത്രെ സുവിശേഷരചയിതാവായ മർക്കൊസ്. അദ്ദേഹത്തിന്റെ മറുപേരത്രെ യോഹന്നാൻ. പെസഹാരാത്രിയിൽ വെറും ശരീരത്തിൽ പുതപ്പുപുതച്ച് ബദ്ധപ്പെട്ടു യേശുവിന്റെ പിന്നാലെ പോയ ബാല്യക്കാരനായത്രെ നാം ഇദ്ദേഹത്തെ ആദ്യം കാണുന്നത്. എന്നാൽ യേശുവിനെ പിടിച്ചവർ അവനെയും പിടികൂടി. ഈ യുവാവാകട്ടെ പുതപ്പുവിട്ടു നഗ്നനായി ഓടിപ്പോകയത്രെ ചെയ്തത്. മർക്കൊസ് 14:51,52.

ഒരു വ്യാഴവട്ടം കഴിയുമ്പോഴേക്കും യുവാവായ മർക്കൊസ് മിഷനറി പ്രവീരന്മാരായ പൗലൊസിന്റെയും ബർന്നബാസിന്റെയും ശുശ്രൂഷകനായി. ദിഗന്തങ്ങളോളം മിഷനറി യാത്ര ചെയ്യുന്ന ഒരു ധീരസാഹസികനായിട്ടത്രെ നാം മർക്കൊസിനെ കാണുന്നത്. മർക്കൊ. 14:51,52; പ്രവ്യ. 12:12-25; 13:5.

ഒരു കാര്യത്തിൽ തന്റെ ചാപല്യവും നാം ദർശിക്കുന്നുണ്ട്. മിഷനറി പ്രവർത്തനങ്ങളുടെ ഭാരിച്ചതും പരുപരുത്തതുമായ വശത്തോട് ഇണങ്ങിച്ചേരാൻ ഈ കുബേരകുമാരനു കഴിഞ്ഞില്ല. യാത്രാമദ്ധ്യേ പ്രതിസന്ധികളിൽ കുടുങ്ങി പിൻതിരിഞ്ഞു. പംഫുല്യയിൽ നിന്നും സ്വഭവനത്തിലേക്കു താൻ മടങ്ങുകയാണുണ്ടായത്.

ദൈവം മർക്കൊസിനെ യഥാസ്ഥാനപ്പെടുത്തി. രണ്ടാം മിഷനറി യാത്രയിൽ പൗലൊസ്-ബർന്നബാസുമാരോടു ചേർത്തു യാത്ര തുടരാൻ മർക്കൊസ് സന്നദ്ധനായി. പൗലൊസ് അതിനു സമ്മതിച്ചില്ല. മർക്കൊസിനെച്ചേർത്തു യാത്ര തുടരാൻ ബർന്നബാസ് ദൃഢനിശ്ചയം ചെയ്തു. ഈ തീരുമാനം ബർന്നബാസ്-പൗലൊസുമാരുടെ സഹയാത്രയ്ക്കു വിഘ്നം വരുത്തുകയാണുണ്ടായത്. മർക്കൊസിനെച്ചൊല്ലി അവർ വേർപിരിഞ്ഞു. തുടർന്നു ശീലാസുമൊത്തു പൗലൊസ് രണ്ടാം മിഷനറി യാത്ര ചെയ്തു. ബർന്നബാസ് മർക്കൊസുമായി സൈപ്രസ് ദ്വീപിലേക്കു യാത്ര തിരിച്ചു. പ്രവ്യ.15:35-40.

പൗലൊസിന്റെ കർക്കശതയും ബർന്നബാസിന്റെ വിട്ടുവീഴ്ചാമനോഭാവവും മർക്കൊസിൽ വലിയ വ്യതിയാനം ഉളവാക്കി. പൗലൊസ് തന്റെ അന്ത്യലേഖനത്തിൽ മർക്കൊസ് പ്രയോജനമുള്ളവനാകയാൽ അവനെ കൂട്ടിക്കൊണ്ടുപോരാൻ തിമൊഥയോസിന് എഴുതുകയുണ്ടായി. അങ്ങനെ പുതിയനിയമത്തിന്റെ പേജുകളിൽ തിളക്കമാർന്ന ചരിത്രമാണു മർക്കൊസിനുള്ളത്. നാലു സുവിശേഷങ്ങളിൽ ഏറ്റം ഹ്രസ്വവും കാര്യമാത്രപ്രസക്തവുമത്രെ മർക്കൊസിന്റെ സുവിശേഷം. മർക്കൊസെന്ന യുവസാഹസികനായ ബാല്യക്കാരനത്രെ അതിന്റെ ഗ്രന്ഥകാരൻ.

പത്രൊസിന്റെയും പൗലൊസിന്റെയും സഹകാരിയായത്രെ മർക്കൊസിനെ നാം ഒടുവിൽ കാണുന്നത്. ദൈവസഭയുടെ ഉത്തമശുശ്രൂഷകനായ മർക്കൊസിനെ മറിയയുടെ ഭവനം അത്രെ സമ്മാനിച്ചത്. കൊലൊ. 4:10,11; ഫിലേ. 24; 1 പത്രൊ. 5:13, 2 തിമൊ. 4:11.

യെരൂശലേം നഗരമദ്ധ്യേ കർത്താവിനും ശിഷ്യർക്കുമായി തുറക്കപ്പെട്ട മറിയയുടെ ഭവനം അനർഘവും ശാശ്വതവുമായ നിരവധി രംഗങ്ങൾക്കു സാക്ഷ്യം വഹിക്കയും അമൂല്യങ്ങളായ ഒട്ടനേകം സംഭാവനകൾ തിരുസഭയ്ക്കു പ്രദാനം ചെയ്യുകയും ചെയ്തു. നിത്യതയിൽ മാത്രമേ ഈ ഭവനത്തിന്റെ പ്രസക്തി നാം ഗ്രഹിക്കയുള്ളൂ.

# ദൈവാത്മാവ് എന്നെ നയിച്ചപ്പോൾ

5-ാം പേജ് തുടർച്ച

സംവത്സരവും ആറുമാസവും ദേശത്തു മഴ പെയ്തില്ല. അവൻ വീണ്ടും പ്രാർത്ഥിച്ചപ്പോൾ ആകാശത്തുനിന്നു മഴ പെയ്തു. ദേശത്തു ധാന്യം വിളഞ്ഞു.

ഹാ! ഇതു കൊള്ളാം യഥാർത്ഥ പ്രസംഗകന്റെ പ്രസംഗരീതിയുമായി ചേരുന്ന ഒരു വാക്യം തന്നെ. വിശ്വാസിക്ക് അധികാരമുണ്ട്. ഏലിയാവ് ചെയ്തെങ്കിൽ നമുക്കും ചെയ്യാം. പുതിയനിയമ വിശ്വാസിയുടെ അധികാരം തന്നെ ഇന്നു പ്രസംഗിക്കാം. ഏലിയാവ് മഴ നിർത്തിയതും പെയ്യിച്ചതും രേഖപ്പെടുത്തിയിരിക്കുന്ന രാജാക്കന്മാരുടെ പുസ്തകത്തിൽ നിന്ന് ഞാൻ പറഞ്ഞിട്ടല്ലാതെ മഴ പെയ്യില്ല. എന്ന വാക്യം രണ്ടാമതായി വായിക്കാൻ തീരുമാനിച്ചു. ട്രയിനിൽ ഇരുന്ന് ഒരു പ്രസംഗ കുറിപ്പ് തയ്യാറാക്കി ബൈബിളിൽ വച്ചു. മനസ്സിൽ ഒരു ധൈര്യം വന്നപോലെ ആത്മാവിൽ ശക്തമായി പ്രാർത്ഥിച്ചു.

തിരുവനന്തപുരത്തുനിന്ന് നാഗർകോവിൽ ബസിൽ കയറി 'അഴകിയമണ്ഡപം' എന്ന സ്ഥലത്ത് ഇറങ്ങി 'കരിങ്കൽ' എന്ന കടലോരഗ്രാമത്തിലാണ് മീറ്റിംഗ്. ബസിൽ എന്നോടൊപ്പം ഇരുന്ന മലയാളി യുവാവിനോട് സുവിശേഷം പങ്കിട്ടു. ഒടുവിൽ അദ്ദേഹം പറഞ്ഞു. പാസ്റ്റർ, ഞാനും യോഗത്തിനുവരാം. യോഗശേഷം ഇന്നു രാത്രി എന്റെ വീട്ടിൽ വന്നു താമസിക്കണം. എനിക്ക് ഇവിടെ ഒരു റബ്ബർ എസ്റ്റേറ്റ് ഉണ്ട്. അവിടെ ചില വ്യക്തികൾ വലിയ പ്രശ്നം സൃഷ്ടിച്ച് എന്റെ തോട്ടത്തിൽ ഒരു ഭാഗം പിടിച്ചെടുക്കാൻ നോക്കുകയാണ്. വീട്ടിൽ വന്ന് എനിക്കു വേണ്ടി ഒന്നു പ്രാർത്ഥിക്കണം. അങ്ങനെ സമ്മതിച്ച് അദ്ദേഹവും എന്നോടൊപ്പം പോന്നു.

ഇനിയാണ് സംഭവങ്ങളുടെ ക്ലൈമാക്സ്. യോഗസ്ഥലത്തോട് ഏകദേശം രണ്ടുമൂന്നു കിലോ മീറ്റർ അടുത്തപ്പോൾ അതാ മഴക്കാർ കൊണ്ടു കയറുന്നു. യോഗം തുടങ്ങാൻ സമയവുമായി. പകരം പ്രസംഗകനായതിന്റെ അങ്കലാപ്പിനു പുറമെ ഞാൻ തയ്യാറാക്കി വച്ചിരിക്കുന്ന 'മഴ നിർത്തൽ' പ്രസംഗം എന്റെ ഉള്ളിൽ പകർന്ന ആ ധൈര്യം ചോർന്നുപോകുവാനും തുടങ്ങി. യോഗസ്ഥലത്തെത്തിയപ്പോൾ സന്ധ്യയായി മഴ ചാറുന്നു. വലിയ ഒരു മഴ പിറകെ വരുന്നതിന്റെ സർവ്വലക്ഷണങ്ങളും ആകാശത്തിൽ. വലിയ ഒരു ആരാധനാഹാൾ. അവിടെ നിന്ന് ഉദ്ദേശ്യം 200 മീറ്റർ മാത്രം അകലത്തിൽ കൺവൻഷൻ ഗ്രൗണ്ട്. ജനങ്ങൾ ഗ്രൗണ്ടിലേക്ക് ഒഴുകുന്നു. നിവർത്തിയ കുടയുമായി.

പകരം പ്രസംഗകനായ എന്നെ കാണുമ്പോൾ സംഘാടകർക്ക് ഒരു നെറ്റി ചുളിവ്. എല്ലാം കൂടെ ആയപ്പോൾ വല്ലാത്ത ഒരു അസ്വസ്ഥത. 'ഞാൻ പറഞ്ഞിട്ടല്ലാതെ മഴ പെയ്യില്ല' എന്ന് ആരംഭിക്കുന്ന 'ത്രില്ലൻ' പ്രസംഗം മാറ്റിക്കളയാം. ഞാൻ പഠിച്ച എത്രയോ വിഷയങ്ങൾ വേറെയുണ്ട്. മാനസാന്തരമോ, പാപമോചനമോ, അന്ത്യകാലസംഭവങ്ങളോ മറ്റെന്തെങ്കിലും ഒന്നു പ്രസംഗിച്ചു കളയാം എന്നു തീരുമാനിക്കവെ ഉള്ളിൽ ശക്തമായ ഒരു ദൈവശബ്ദം "ഇതു നിന്റെ അവസരമാണ്. എലിയാവ് നമുക്കു സമസ്വഭാവമുള്ള മനുഷ്യൻ ആണ്. അവൻ പ്രാർത്ഥിച്ചു (കല്പിച്ചു ?) മഴ നിർത്തിയെങ്കിൽ നമുക്കും അത്ഭുതങ്ങൾ പ്രവർത്തിക്കാം. എന്ന പ്രസംഗം നീ വെറുതെയല്ല തയ്യാറാക്കിയത്. അതു തന്നെ പ്രസംഗിക്കുക ഇതു നിന്റെ പ്രാക്ടിക്കൽ ക്ലാസാണ്. നീ പ്രസംഗിക്കുന്നത് നീ വിശ്വസിക്കുന്നുവോ ?"

ഉള്ളിൽ ഉയർന്ന ആ ദൈവശബ്ദം എന്നെ ബലപ്പെടുത്തുവാൻ തുടങ്ങി. ഞാൻ പാസ്റ്ററുടെയും സംഘാടകരുടെയും മദ്ധ്യത്തിൽ നിന്ന് വെളിയിലേക്കിറങ്ങി ആകാശത്തിലേക്ക് കരങ്ങൾ ഉയർത്തി സ്തുതിച്ചു കൊണ്ട് അങ്ങോട്ടും ഇങ്ങോട്ടും നടന്നു. പെട്ടെന്ന് ഗ്രൗണ്ടിൽ നിന്നും ചിലർ ഓടി വന്ന് പ്രധാന പാസ്റ്ററോട് പറഞ്ഞു "പാസ്റ്റർ, യോഗം വെളിയിൽ നടക്കുകയില്ല. ഹാളിലേക്കു മാറ്റുവാനുള്ള ക്രമീകരണങ്ങൾ വേഗം ചെയ്തേ മതിയാകൂ.... ' ഹാവൂ രക്ഷപ്പെട്ടു' എന്നൊരു ചിന്ത ഉള്ളിൽ ഉയർന്നതും വീണ്ടും അതേ ദൈവശബ്ദം ശക്തിയോടെ എന്നോട് " യോഗം ഗ്രൗണ്ടിൽ നിന്നു മാറ്റേണ്ട എന്നു പറയുക. നീ തയ്യാറാക്കിയ പ്രസംഗം തന്നെ ചെയ്യുക. നീ അത്ഭുതം കാണും." പിന്നെ ഇടംവലം ചിന്തിക്കാതെ പാസ്റ്ററോട് ഞാൻ പറഞ്ഞു " യോഗം മാറ്റേണ്ട, അവിടെത്തന്നെ നടക്കട്ടെ. ചാറൽ മാറും, ഇന്നു മഴ പെയ്യില്ല. എന്റെ ഈ വിശ്വാസവാക്കുകൾ കേട്ടപ്പോൾ പാസ്റ്ററുടെയും സംഘാടകരുടെയും മനോഭാവം മാറി. എന്നോടും ഒരു പുതിയ ബഹുമാനാദരവുകൾ ആ മുഖങ്ങളിൽ സ്ഫുരിക്കുന്നതു ഞാൻ കണ്ടു.

" വരാനിരുന്തവരിലും പെരിയവർ താൻ ഇന്ത വന്തവർ" എന്ന മട്ടിൽ അവർ തമ്മിൽ എന്തോ മന്ത്രിക്കുന്നത് ഞാൻ കേട്ടു. എനിക്കറിയാം എന്റെ വിഷമം എന്നതുണ്ടോ അവരറിയുന്നു' (ഉള്ളതു പറയാമല്ലോ ഒരു വശത്ത് ശക്തമായ വിശ്വാസം ദൈവശബ്ദത്തിൽ നിന്ന് ഇരച്ചു കയറുമ്പോഴും എന്റെ ജഡത്തിൽ ഒരു തരം അവിശ്വാസ ചിന്തയും എന്നെ അലട്ടി. ഇതു പാളുമോ ? ഒടുവിൽ മനസ് ഒരു കൺക്ളൂഷനിൽ എത്തി 'പാളിയാലും തമിഴ്നാട്ടിലല്ലേ കോട്ടയംകാർ അറിയില്ലല്ലോ. തമിഴ്നാട്ടുകാർ ഇനി യോഗത്തിനു വിളിക്കുകേല എന്നല്ലേ ഉള്ളു ? (നമ്മുടെ അല്പവിശ്വാസത്തെയും പാതിവിശ്വാസത്തെയും ഒക്കെ മാനിക്കുന്ന ദൈവത്തിന്റെ വിശ്വസ്തതയ്ക്കായി ഞാൻ അവിടുത്തെ സ്തുതിക്കുന്നു)

സംഘാടകരാൽ ചുറ്റപ്പെട്ട് ഞാൻ സ്റ്റേജിലേക്കു കയറി. അല്പം ഗമയോടെ തന്നെ. എഴുന്നേറ്റു വചനം വായിച്ചു. " ഞാൻ പറഞ്ഞിട്ടല്ലാതെ മഴ പെയ്യില്ല." വചനം വായിച്ചു കഴിഞ്ഞതും ഒരു പ്രത്യേക അഭിഷേകവും വിശ്വാസവും എന്നെ പൊതിഞ്ഞതു ഞാൻ അറിഞ്ഞു. പക്ഷേ എന്റെ കുറിവാക്യം കേട്ട് സ്റ്റേജിലിരുന്ന തമിഴ് പാസ്റ്ററന്മാർ തമ്മിൽ എന്തോ മന്ത്രിക്കുന്നതു ഞാൻ കണ്ടു. 'അന്തരീക്ഷം ഇങ്ങനെ നില്ക്കുമ്പോൾ ഇങ്ങേർക്ക് ഈ വാക്യമേ വായിക്കാൻ കണ്ടുള്ളോ' എന്നാണ് അവരുടെ മന്ത്രണം എന്ന ഊഹിക്കാവുന്നതേയുള്ളു. അവരാണല്ലോ നാട്ടുകാരെയെല്ലാം വിളിച്ചു വരുത്തിയിരിക്കുന്നത്. എനിക്കറിയാം എന്റെ വിഷമം.

അത്ഭുതം നടന്നു. വിശ്വാസത്തിന്റെ പ്രസംഗം അരംഭിച്ചതും അല്പാല്പമുണ്ടായിരുന്ന ചാറൽ അപ്രത്യക്ഷമായി. അങ്ങിങ്ങായി നിവർന്ന കുടകൾ മടങ്ങി. ദൈവവചനം ദേശത്തെ കീഴടക്കുന്നത് ആത്മാവിൽ ഞാൻ അറിഞ്ഞു. ഈ മഴ മാറി നില്ക്കുന്നതു പോലെ യേശുവിന്റെ നാമത്തിനു മുന്നിൽ ഇന്നു രാത്രി സകല പ്രശ്നങ്ങളും മുട്ടുമടക്കും എന്ന് ആത്മാവിനാലുള്ള ധൈര്യത്തിൽ ഞാൻ ഉറക്കെ പ്രഖ്യാപിച്ചു.

ഈ വീര്യ പ്രവൃത്തി കണ്ട ജനം ഇളകി മറിഞ്ഞു. രോഗസൗഖ്യത്തിനായി അനേകർ ഓടിക്കൂടി. ഭൂതബാധിതരിൽ നിന്ന് ഭൂതങ്ങൾ അലറിയോടി. മദ്യപാനികൾ കരഞ്ഞുകൊണ്ട് മാനസാന്തരപ്പെട്ടു. വേഗം വേഗം ജനങ്ങൾക്കായി പ്രാർത്ഥിച്ചു. രാത്രി ഒൻപതര ആയപ്പോൾ നാഗർകോവിലിനുള്ള ലാസ്റ്റ് ബസ് വന്നു. ഒരു വിധം ശുശ്രൂഷ നിർത്തിച്ചു എന്റെ കൂടെ കൂടിയ ബ്രദറിനോടൊപ്പം ഓടി ബസിൽ കയറി. സംഘാടകർ അത്യാദരവോടെ എന്നെ യാത്ര അയച്ചു. ബസ് നീങ്ങിയതും തകർത്തു മഴ തുടങ്ങിയതും ഒന്നിച്ചായിരുന്നു. ഫൈനൽ പരീക്ഷ കഴിഞ്ഞ വിദ്യാർത്ഥിയെപ്പോലെ ആശ്വാസവും സന്തോഷവും എന്നിൽ നിറഞ്ഞു. എന്റെ ശുശ്രൂഷയിൽ പുതിയ ഒരു ഉയരങ്ങളിൽ ദൈവമെന്നെ എത്തിച്ചതിന് നന്ദി പറഞ്ഞു.

എന്നെ കൊണ്ടുപോയ ബ്രദറിന്റെ ഭവനത്തിൽ വലിയ ഒരു അത്ഭുതം ആ ദിവസങ്ങളിൽ തന്നെ നടന്നു. അദ്ദേഹത്തിന്റെ തോട്ടം കയ്യേറിയിരുന്നവർ ആരും ഓടിക്കാതെ ഓടിപ്പോയി. പിറ്റേന്ന് കൺവൻഷൻ സ്ഥലത്തെത്തിയപ്പോൾ അത്ഭുതത്തിന്റെ വാർത്തകളുമായി ദൈവദാസന്മാർ ചുറ്റും കൂടി. ഇന്നലെ ഒരു കിലോ മീറ്റർ ചുറ്റളവിലൊഴികെ എല്ലായിടത്തും സന്ധ്യമുതലേ തിമിർത്തു മഴ പെയ്തു. ഒരു കുടപിടിച്ചപോലെ കൺവൻഷൻ സ്ഥലവും ചുറ്റുപാടും മാത്രം നനയാതിരുന്നു". ഈ സംഭവം നിമിത്തം പിന്നീട് കന്യാകുമാരി ജില്ലയിൽ സുപ്രധാന കൺവൻഷനുകളിൽ പ്രധാന പ്രസംഗകനായി അവരെന്നെ വിളിക്കുവാൻ തുടങ്ങി.

ഓരോ മീറ്റിംഗിനു പോകുമ്പോഴും ഇന്ന് ഏതു പോയിന്റ് പറയും എന്ന ചിന്തയിൽ നിന്ന് ഇന്ന് കർത്താവ് എന്ത് പ്രവർത്തിക്കും എന്നു കാണുവാനുള്ള വ്യഗ്രതയിലേക്ക് യേശു എന്നെ വളർത്തിക്കൊണ്ടിരിക്കുന്നു.

## യുണൈറ്റഡ് പെന്തെക്കോസ്ത് ഭാരവാഹികൾ





**കുന്നംകുളം:** യുണൈറ്റഡ് പെന്തെക്കോസ്ത് ഫെലോഷിപ്പിന്റെ ഭാരവാഹികളായി പാസ്റ്റർ കെ.വി.ജോസഫ് (പ്രസിഡന്റ്), പാസ്റ്റർ സി.സി. ജോൺ (വൈസ് പ്രസിഡന്റ്), സാജൻ സി ജേക്കബ് (ജനറൽ സെക്രട്ടറി), പാസ്റ്റർ ജോജി ജോർജ്ജ് (അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടറി), സി.ജെ.ഏബ്രഹാം (കോർഡിനേറ്റർ), പി.റ്റി.ജോസ് (അസോസിയേറ്റ് സെക്രട്ടറി), പാസ്റ്റർ സാംകുട്ടി ജോൺ (ഖജാൻജി), പാസ്റ്റർ മണി കെ.കെ (മിഷൻ കോർഡിനേറ്റർ), സിബി പി.സഖറിയാ (യൂത്ത് കോർഡിനേറ്റർ), ജറിൻ ശലോമോൻ (ലിറ്ററേച്ചർ സെക്രട്ടറി), കെ.വി.സഖറിയ (പബ്ലിസിറ്റി കൺവീനർ) എന്നിവരെ തിരഞ്ഞെടുത്തു.

## പാസ്റ്റർ റോബി തോമസ് വർഗ്ഗീസ് നിത്യതയിൽ



**തിരുവല്ല:** ഐ.പി.സി പെരുംന്തുരുത്തി സഭയുടെ പാസ്റ്ററും പടിഞ്ഞാറ്റോതറ കണ്ടത്തിൻ കുഴിയിൽ എവർ ഷൈൻ പ്രസ്സ ഉടമ കെ.ജെ വർഗ്ഗീസിന്റെ മകനുമായ പാസ്റ്റർ റോബി തോമസ് വർഗ്ഗീസ് (35) ബന്ധുവായ മാതൃസഹോദര പുത്രൻ സാം സി. കുര്യനും (36) കാറപകടത്തിൽ മരിച്ചു.

2-ാം തീയതി പുലർച്ചെ 4.30 ന് ആലപ്പുഴ ദേശിയ പാതയിൽ തുമ്പോളിയിൽ ഗുരുമന്ദിരത്തിന് സമീപമാണ് അപകടം നടന്നത്. ഇവർ സഞ്ചരിച്ച കാറിൽ എതിർ ദിശയിൽ നിന്നു വന്ന ടാങ്കർ ലോറി ഇടിക്കുകയായിരുന്നു. ഇരുവരും തൽക്ഷണം മരിച്ചു. ഇടിയുടെ ആഘാതത്തിൽ പൂട്ട് തകർന്നതിനാൽ കാർ അഗ്നിശമന സേനയും പോലീസും നാട്ടുകാരും ചേർന്ന് വെട്ടിപ്പൊളിച്ചാണ് എടുത്തത്.

ഐ.പി.സി പെരുംന്തുരുത്തി സഭയുടെ പാസ്റ്ററായ റോബി സഭയുടെ യുവജന വിഭാഗമായ പി.വൈ.പി.എ യുടെ സംസ്ഥാന സമിതി അംഗവും സൺഡേസ്ക്കൂൾ മേഖലാ സെക്രട്ടറിയും വി.ബി.എസ് സംസ്ഥാന കോ-ഓർഡിനേറ്ററും ആണ്.

ഭാര്യ: ആറൻമുള എരുമക്കാട് പേരങ്ങാട് പടിക്കൽ റീന. മകൾ രൂത്ത് (ഒന്നര) സഹോദരങ്ങൾ: രാജൻ, റീന (റാസൽഖൈമ). മാതാവ്: മറിയക്കുട്ടി. (റിട്ട. ജില്ല നേഴ്സിംഗ് ഓഫീസർ).

## മതം മാറ്റം : കേന്ദ്രം രണ്ടായിരത്തോളം പേരുടെ വിവരങ്ങൾ ആവശ്യപ്പെട്ടു

**കൊച്ചി:** കേരളത്തിൽ പ്രത്യേക വിഭാഗത്തിലേക്കു മതം മാറിയ രണ്ടായിരത്തോളം യുവതീ യുവാക്കളുടെ വിവരങ്ങൾ ശേഖരിച്ച് ഉടൻ റിപ്പോർട്ട് നൽകാൻ കേന്ദ്ര രഹസ്യാന്വേഷണ വിഭാഗം (ഐ.ബി) ആവശ്യപ്പെട്ടു. ഈയാഴ്ച്ചതന്നെ റിപ്പോർട്ട് നൽകണമെന്നാണ് സംസ്ഥാന ആഭ്യന്തരവകുപ്പിനു ലഭിച്ച നിർദ്ദേശം.

കേന്ദ്ര നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ അഞ്ചു വർഷത്തെ കണക്കുകൾ പോലീസ് ശേഖരിച്ചു തുടങ്ങി.

എറണാകുളം ജില്ലയിൽ 180, കോട്ടയത്ത് 140, ഇടുക്കിയിൽ 148 പേരുടെ വിവരങ്ങൾ പട്ടികയിലുണ്ട്. ഐ.ബി യുടെ നിർദ്ദേശപ്രകാരം ആഭ്യന്തര വകുപ്പ് ജില്ലാ പോലീസ് സൂപ്രണ്ടുമാർക്ക് പട്ടിക കൈമാറിയിട്ടുണ്ട്.

ഇപ്പോഴത്തെ താമസ സ്ഥലം, ജീവിത രീതി, ജോലി തുടങ്ങിയ വിവരങ്ങളാണ് ശേഖരിക്കേണ്ടത്. വിവാഹം നിർബന്ധിത പ്രേരണയിലാണോ എന്ന് പ്രത്യേകം അന്വേഷിക്കണമെന്ന് നിർദ്ദേശമുണ്ട്. മതപരിവർത്തനം നടത്തിക്കൊടുത്ത സ്ഥാപനങ്ങളുടെ വിവരവും നൽകണം.അവർക്ക് മത തീവ്രവാദിയുമായി ബന്ധമുണ്ടോ എന്ന് നിരീക്ഷിക്കും.പ്രണയം നടിച്ച് പെൺകുട്ടികളെ മതം മാറ്റുന്നതിനൊപ്പം യുവാക്കളുടെ മതമാറ്റവും ശ്രദ്ധിക്കാൻ നിർദ്ദേശവുമുണ്ട്.

ലൗ ജിഹാദ്, റോമിയോ ജിഹാദ് എന്നീ പേരുകളിലുള്ള സംഘടനകൾ കണ്ടെത്താനായിട്ടില്ലെന്നാണ് ഡി.ജി.പി ജേക്കബ് പുന്നൂസ് ഹൈക്കോടതിയെ അറിയിച്ചത്.

ഹിന്ദു ക്രിസ്ത്യൻ സമുദായങ്ങളിൽ നിന്നും നിർബന്ധിത മതമാറ്റം റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്നതു സംബന്ധിച്ച് കഴിഞ്ഞ മൂന്നു വർഷത്തെ കണക്കുകൾ നൽകാനായിരുന്നു ഹൈക്കോടതി നിർദ്ദേശം.

ഏതെങ്കിലും പ്രത്യേക സംഘടന ഈ ലക്ഷ്യം മുന്നിൽ കണ്ടു പ്രവർത്തിക്കുന്നതിനായി വിശ്വസനീയ വിവരങ്ങൾ ലഭ്യമല്ലെന്നായിരുന്നു ഡി.ജി.പിയുടെ റിപ്പോർട്ട്. വിദേശ സഹായം സംബന്ധിച്ച് തെളിവുകൾ ശേഖരിക്കാനായിട്ടില്ലെന്നും റിപ്പോർട്ടിൽ പറുയുന്നു.കേരളത്തിനു പുറമേ കർണ്ണാടക, തമിഴ്നാട്, ആന്ധ്രാ സർക്കാരുകളോടും ഐ.ബി സമാന റിപ്പോർട്ട് തേടിയിട്ടുണ്ട്.

## ഉപന്യാസമത്സരവും പ്രസംഗമത്സരവും '09

**2009** ഡിസംബർ 20-27 വരെ നടക്കുന്ന ചെറുവക്കൽ കൺവൻഷനോടനുബന്ധിച്ച് 2009 ഡിസംബർ 21 തിങ്കളാഴ്ച ഉപന്യാസരചനാമത്സരവും ഡിസംബർ 22 ചൊവ്വാഴ്ച പ്രസംഗമത്സരവും ഉണ്ടായിരിക്കുന്നതാണ്. രണ്ട് ഗ്രൂപ്പുകളിലായിരിക്കും മത്സരം നടത്തുക. ബൈബിൾ കോളേജ് വിദ്യാർത്ഥികളുൾപ്പെടെ ആർക്കും ഈ മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്. ഗ്രൂപ്പ് ഒന്ന് 15 വയസ്സ് വരെ, ഗ്രൂപ്പ് രണ്ട് 16 വയസ്സ് മുതൽ. ഒന്നാം സമ്മാനം 5000 രൂപ, രണ്ടാം സമ്മാനം 3000 രൂപ, മൂന്നാം സമ്മാനം 2000 രൂപ, കൂടാതെ 5 പേർക്ക് 500 രൂപ വീതം പ്രോത്സാഹന സമ്മാനവും ഉണ്ടായിരിക്കുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 50 രൂപ. കൂടുതൽ വിവരങ്ങൾക്ക്: മാനേജർ, ന്യൂ ലൈഫ് ബിബ്ലിക്കൽ സെമിനാരി, ചെറുവക്കൽ പി.ഒ, ആയൂർ, കൊല്ലം 691533. ഫോൺ : 0474 - 2671114, 94475584425, 9446662272.

## സെന്റർ കൺവൻഷൻ

**പുതുപ്പള്ളി :** ഐ. പി. സി. പുതുപ്പള്ളി സെന്ററിന്റെ 21-ാമതു വാർഷിക കൺവൻഷൻ ഡിസംബർ 9 മുതൽ 13 വരെ പുതുപ്പള്ളി ഗവ. ഹൈസ്ക്കൂൾ മൈതാനത്തുവച്ചു നടക്കും. പാസ്റ്റർമാരായ കെ.സി ജോൺ, ബാബു ചെറിയാൻ, വർഗീസ് ഏബ്രഹാം, ജെയിംസ് എം. പോൾ, കെ.ജെ തോമസ്, പി.എ. മാത്യൂ, പി.കെ ഏബ്രഹാം, ഇവാ. രാധാകൃഷ്ണൻ തുടങ്ങിയവർ പ്രസംഗിക്കും. ശാലേം വോയ്സ് പത്തനാപുരം ഗാനങ്ങൾ ആലപിക്കും. 12-ാം തീയതി ശനിയാഴ്ച സംയുക്ത മാസയോഗം പുതുപ്പള്ളി സെന്റർ ഹാളിലും, 13-ാം തീയതി ഞായറാഴ്ച സംയുക്ത ആരാധന രാവിലെ 9.00 മുതൽ കൺവൻഷൻ പന്തലിലും നടക്കുന്നതാണ്. ഉച്ചക്കഴിഞ്ഞ് പുത്രികാസംഘടനകളുടെ വാർഷിക സമ്മേളനവും ഉണ്ടായിരിക്കുമെന്ന് ജോൺ മാത്യു കാവാലച്ചിറ ആറിയിച്ചു.

## ഉണർവ്വു യോഗങ്ങൾ

**തൃശ്ശൂർ :** നടത്തറ ഇന്ത്യൻ ബഥേൽ ചർച്ച് ഓഫ് ഗോഡ് സഭയിൽ വെച്ച് സെപ്തംബർ 30 മുതൽ നവം. 8 വരെ (40 ദിവസത്തെ) ഉപവാസ പ്രാർത്ഥനയും ഉണർവ്വുയോഗങ്ങളും നടന്നു.

പാസ്റ്റർമാരായ റവ. രാജൻ സാമുവൽ (യു. എസ്. എ) പി.റ്റി വർഗ്ഗീസ് (വിജയവാഡ) വി. ഡി. ഹാബേൽ എന്നിവർ വചന ശുശ്രൂഷ നടത്തി.


'വിശുദ്ധന്റെ മാനസാന്തരം'

*എന്ന വിഖ്യാത ഗ്രന്ഥത്തിന്റെ കർത്താവായ*

**ജോർജ്ജ് തേറയിൽ**

**(Rtd ഫിഷറീസ് ഡപ്യൂട്ടി ഡയറക്ടർ)**

**എഴുതിയ മറ്റൊരു അമൂല്യ ഗ്രന്ഥം**

**ബൈബിൾ വിജ്ഞാനം**

*2009 ഡിസംബറിൽ നിരവധി പുതുമകളോടെ പുറത്തിറങ്ങുന്നു.*

*ബൈബിൾ എന്ന അത്ഭുതഗ്രന്ഥം, ബൈബിളിലെ പക്ഷികൾ, മൃഗങ്ങൾ, വൃക്ഷങ്ങൾ, ചെടികൾ, ഫലവർഗ്ഗങ്ങൾ, ചരിത്രപ്രസിദ്ധമായ പട്ടണങ്ങൾ, നീതമാനായ വക്കീൽ, പഴയ - പുതിയ നിയമ ഉപദേശങ്ങൾ തുടങ്ങി ചരിത്ര, ഭൂമി ശാസ്ത്രസംബന്ധമായ ധാരാളം വിഷയങ്ങൾ ചിത്രസഹിതം വിവരിച്ചിരിക്കുന്നു. സർവ്വജാതി മതസ്ഥർക്കും, ശുശ്രൂഷകന്മാർ, സുവിശേഷകർ, ബൈബിൾ കോളേജ് വിദ്യാർത്ഥികൾ, വിശ്വാസികൾ എന്നിവർക്കും ഒരുപോലെ സമൃദ്ധമായ ആത്മീയ വിജ്ഞാനം പകർന്ന് നൽകുന്ന ഒരു ഉത്തമ പഠനഗ്രന്ഥം.*

*600 ഓളം പേജുകൾ, മനോഹരമായ മുഖചിത്രം, ഏറ്റവും പരിമിതമായ വില Rs. 200/- എന്നിവ ഈ ഗ്രന്ഥത്തിന്റെ മറ്റു പ്രത്യേകതകളാണ്. എല്ലാ പ്രധാന ക്രിസ്തീയ ഗ്രന്ഥശാലകളിലും പുസ്തകം ലഭ്യമായിരിക്കും.*

*ഗ്രന്ഥം നേരിട്ട് ബുക്ക് ചെയ്യാൻ ആഗ്രഹിക്കുന്നവർ പൂർണ്ണമായ മേൽവിലാസം, പിൻകോഡ്,ഫോൺ നമ്പർ എന്നിവ സഹിതം താഴെ കാണുന്ന വിലാസത്തിൽ അപേക്ഷിച്ചാൽ ഗ്രന്ഥം VPP ആയി അയച്ചു കൊടുക്കും. അവർക്കു VPP ചാർജ്ജ് 30 രൂപ സൗജന്യം. ഈ സൗജന്യം ജനുവരി 31 വരെ മാത്രമായിരിക്കും.*



മരുപ്പച്ച

**www.marupacha.com**

**ലോകമെങ്ങുമുള്ള മലയാളികൾ ഇഷ്ടപ്പെടുന്ന ക്രൈസ്തവ ദ്വൈവാരിക**

വാർഷിക വരിസംഖ്യ ഇന്ത്യയിൽ : 100 രൂപ
യു.എസ്.എ. & കാനഡ : $ 40. ഇംഗ്ലണ്ട് : 25 പൗണ്ട്.
ഗൾഫ് രാജ്യങ്ങൾ : 1500 രൂപ.

**വിലാസം : Maruppacha , Planthottam Complex**
**Tiruvalla - 689 101, Phone : 0469-2634321**
E-mail : maruppacha@yahoo.com

**മരുപ്പച്ചയുടെ പുതിയ വരിക്കാരാകുവാനും വരിസംഖ്യ പുതുക്കുവാനും താഴെക്കാണുന്ന ഭാഗം പൂരിപ്പിച്ച് അയയ്ക്കുക.**

Name :..........................................................................
Address :..........................................................................
:..........................................................................
..........................................................................
State :..........................................................................
Pincode :..........................................................................
Phone :..........................................................................
E-mail :..........................................................................
New ☐ Renewal ☐

ഇതോടൊപ്പം ഞാൻ വരിസംഖ്യയായി .................. രൂപ/ഡോളർ/
പൗണ്ട് / എം.ഒ./ഡി.ഡി./ ചെക്ക് / അയയ്ക്കുന്നു.
*ചെക്ക് അയയ്ക്കുന്നവർ ബാങ്ക് കമ്മീഷൻകൂടി ചേർത്ത് അയയ്ക്കുക.
*ചെക്കുകൾ ഡി.ഡി. എന്നിവ 'Maruppacha' എന്ന പേരിൽ അയയ്ക്കുക

# www.marupacha.com

# MATRIMONIALS

എല്ലാ ക്രൈസ്തവ വിഭാഗങ്ങളിലെയും വിവാഹ പരസ്യങ്ങൾ മരുപ്പച്ച ദ്വൈവാരികയിൽ പ്രസിദ്ധീകരിക്കുന്നു.

**വിവാഹ പരസ്യങ്ങൾക്ക് 500 രൂപ**

**പരസ്യങ്ങൾ ടെലിഫോണിലും സ്വീകരിക്കും**

**ഫോൺ: 0469 - 2634321**

e-mail: maruppacha@yahoo.com

വിലാസം : MATRIMONIALS, MARUPPACHA, THIRUVALLA -1

'MARUPPACHA' യുടെ പേരിൽ ഡി.ഡി എടുക്കുക

---

പെന്തക്കോസ്ത് യുവതി, 25, 5' 7 ഉയരം. MBBS മംഗലാപുരത്ത് ജോലിചെയ്യുന്നു. TPM.

MBBS/ Mechanical Engineers

**Phone: 04734- 275866; 0096626171523**

---

Pentacostal parents inviting proposals for their daughter M.D. who is 26 yrs, 5'3" tall, US citizen. She is born again, baptized and has a heart for missions. Currently a first year resident in Internal medicine at a us hospital we are seeking suitable alliance from professionally qualified boys. Please respond with details and recent Photos to

**mathew634@yahoo.com or (847) 208-8299, / 9846552629**

---

Pentacostal parents invite proposal for their daughter 23 year old 5'3" R. N. in U.S.A. We are looking for a born again and professionally qualified boys with spiritual and moral values. Please respond with details and respond full size photograph to -

**joyfor jesus@hotmail.com**

**Ph : 04735 263018, 9947125423**

---

Syrian Christian pentacostal girl (30/164) MBA medium complexion B/B & working in Delhi requires batized, spiritual and suitably qualified boy. B/B outside kerala preferred.

**contact: 9446441163, 04829 - 230677**

**E-mail: revegeorgeabraham@ yahoo.com**

---

ചേരമർ ക്രിസ്ത്യൻ പെന്തെക്കോസ്തു യുവതി (വയസ്സ് 30) നഴ്സ് (ANM) ആയി ജോലിചെയ്യുന്നു. പെന്തെക്കോസ്തു യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു.

**ഫോൺ : 09562853853**

**0469 – 2623425**

---

പെന്തെക്കോസ്ത് യുവതി, 22 വയസ്സ്, 5'6" ഉയരം, B Tech, Bio Medical Eng. മാതാപിതാക്കളോടൊപ്പം താമസിച്ച് ഗൾഫിൽ ജോലി ചെയ്യുന്നു. പെന്തെക്കോസ്തു യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.

**Tel : 9846210091**

**email : lalygilgal@yahoo.com**

---

Pentecostal boy, Canadian citizen, Age32. Parents are financially well placed. We looking for a General Nurse, Degree holders and committed Christian girl. Please respond with full details.

**Phone: 9847622184**

---

Pentecostal Parents inviting proposal-22 years old daughter B.Tech. Bio medical Engineering, Born again baptized born and brought up in Gulf. Now working as a Bio-medical Engineer in Gulf. She is staying with here parents. We are looking for a born and baptized and professionally qualified boys. Please respond with details and sent full sized photographs.

**lalygilgal@yahoo.com or contact 9846210091**

---


World a lady staff for children home, English and Computer knowledge is necessary send Biodata as contact below address.

ഹൈറേഞ്ചിൽ താമസിച്ച് സുവിശേഷവേല ചെയ്യുന്നതിന് സഹോദരിമാരെ ആവശ്യമുണ്ട്. താല്പര്യമുള്ളവർ ബന്ധപ്പെടുക.

ADDRESS: KARUNA BHAVAN

Pulluvazhi P.O., Eranakulam

Ph : 9605935134, 0484 - 2592951

E-mail:homeofcompassion@yahoo.com

N.B : INTERVIEW IS ON 28-12-09

**സേവന സന്നദ്ധരായ ജോലിക്കാരെ ആവശ്യമുണ്ട്**

മദ്ധ്യതിരുവിതാംകൂറിൽ പ്രവർത്തിക്കുന്ന ഒരു ജീവകാരുണ്യസ്ഥാപനത്തിലേക്ക് രോഗികളെ പരിചരിക്കുവാൻ ജോലിക്കാരെ ആവശ്യമുണ്ട്

**Ph: 9447064922**
**9495964922**

## വിദേശത്തേക്ക് തൊഴിലവസരങ്ങൾ

ഇലക്ട്രീഷ്യൻ, പ്ലംബർ, പൈപ്പ് ഫിറ്റർ, സ്റ്റീൽ ഫാബ്രിക്കേറ്റർ, അലുമിനിയം ഫാബ്രിക്കേറ്റർ, വെൽഡർ, ഏ.സി. മെക്കാനിക്ക്, മെക്കാനിക്, സിവിൽ എൻജിനിയേഴ്സ്, അക്കൗണ്ടന്റ്, ഓഫീസ് ക്ലർക്ക്, ഫർണിച്ചർ കാർപന്റേഴ്സ്, ജനറൽ നേഴ്സ് (F), ബി.എസ്.സി. നേഴ്സ് (F), എക്സറേ ടെക് (F), ലാബ് ടെക് (F), ഫിസിയോതെറാപ്പി (F), റേഡിയോ ഗ്രാഫർ (F) ഹൗസ്മേയ്ഡ്, ഹോംനേഴ്സ് എന്നിവരും ബന്ധപ്പെടുക.

## ALPHA TRAVELS

C.V.P. City Tower, 2nd Floor, T.K. Road, Thiruvalla,
Tel : 0469 - 2606786, 9447592549

## THE PENTECOSTAL MISSION

ഹൃദയത്തിന് ആനന്ദം പകരുന്ന TPMലെ കുറെ പഴയ ഗാനങ്ങൾ വാദ്യോപകരണങ്ങൾ മാത്രം വായിച്ച് MP3 CD (Vol-100) ഞങ്ങൾ നിങ്ങൾക്കായി സമർപ്പിക്കുന്നു.

TPMലെ എല്ലാ പ്രസംഗങ്ങളും പാട്ടുകളും MP3 യിലും DVD യിലും ലഭ്യമാണ്.

**Mathews Thiruvalla. Tel: 0469 2705990**
**Mob: 9447795990, 9495915990**
visit us: www.mathewstpmcd.com

## ബൈബിൾ ഫിലിം ഫെസ്റ്റിവൽ

പരദേശി മോക്ഷയാത്ര, പൗലോസ്, ദാനിയേൽ സിംഹക്കുഴിയിൽ, നോഹയുടെ പെട്ടകം, കത്തുന്ന നരകം തുടങ്ങിയ ബൈബിൾ ഫിലിമുകൾ എൽ.സി.ഡി. പ്രൊജക്റ്ററിലൂടെ പ്രദർശിപ്പിച്ചുവരുന്നു.

Rajan C. George, Mammood P.O.,
Changanacherry
Ph: 0481 - 2473642, 9447596931.

## ദി പെന്തെക്കോസ്ത് മിഷൻ

# സുവിശേഷ പ്രസംഗവും ദൈവീക രോഗശാന്തി ശുശ്രൂഷയും

## കുമ്പനാട്

**സ്ഥലം : വിശ്വാസ വീടിനു സമീപം, മുട്ടുമൺ**

**തീയതി : 2009 ഡിസംബർ 17 വ്യാഴം മുതൽ 20 ഞായർ വരെ**

**സമയം : ദിവസവും വൈകിട്ട് 6 ന്**

യേശുക്രിസ്തുവിലുള്ള വിശ്വാസത്തോടെ നിങ്ങളുടെ രോഗികളെ കൊണ്ടുവരുവിൻ

ഏവരേയും സ്നേഹപൂർവ്വം ക്ഷണിച്ചുകൊള്ളുന്നു

ദി പെന്തക്കോസ്ത് മിഷൻ, കുമ്പനാട്, ഫോൺ : 0469 – 2664796

## കലണ്ടർ 2010




2010 ലെ കലണ്ടർ ഓർഡർ അനുസരിച്ച് പ്രിന്റ് ചെയ്തുകൊടുക്കുന്നു.

- ക്രൗൺ സൈസ് (35cm x 49 cm)
- ആർട്ട് പേപ്പർ.
- മൾട്ടികളർ.
- 3 ഷീറ്റ് (6 പുറം)

കൂടുതൽ വിവരങ്ങൾക്ക്

**ഗ്ലോബൽ, തിരുവല്ല – 9447802967**

**MARUPPACHA**
Planthottam Complex
Tiruvalla - 689 101, Phone: 0469-2634321
www.marupacha.com

R.No.67619/97

# മരുപ്പച്ച

Reg. No. KL/TLA/100/2009-11
License No. KL/TLA/WPP-116/2009-11
Licensed to Post without Prepayment
Posted on 7th December 2009 at RMS Tiruvalla

## പെന്തെക്കോസ്ത് സംയുക്ത സംഗമം

# ബ്ലസ്സ് തിരുവല്ല സുവിശേഷമഹായോഗം

## ഡിസംബർ 21 മുതൽ 27 വരെ



പാസ്റ്റർമാരായ കെ. സി. ജോൺ, റ്റി. എസ്. ഏബ്രഹാം, എം. കുഞ്ഞപ്പി, റ്റി. ജെ. ശാമുവേൽ, റ്റി. ജി. കോശി, വി. എ. തമ്പി, തോമസ് ഫിലിപ്പ്, ഒ. എം. രാജുക്കുട്ടി, കുഞ്ഞുകൊടിയാട്ട്, തോമസ് ജോൺ

## ഇടിഞ്ഞില്ലം ബ്ലസ്സ് നഗറിൽ

## റവ. ഡോ. ബർണാഡ് ബ്ലസ്സിംഗ് പ്രസംഗിക്കുന്നു.



കുടുതൽ വിവരങ്ങൾക്ക്
ഫോൺ : 9947141281

പവ്വർ കോൺഫറൻസ് : രാവിലെ 9 മുതൽ 1 മണി വരെ
രാത്രിയോഗം : 5 മണി മുതൽ 9.00 വരെ

Printed, published and owned by Achenkunju Elanthoor, Planthottam Complex, Tiruvalla-1. Typesetting : Global Computers, Tiruvalla, Ph.2634355. Printed at Rashtra Deepika for MGM Offset Press, Kottayam, Published at Planthottam Complex, Tiruvalla-1 Editor : Achenkunju Elanthoor.